2024 OCTOBER
02
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ശുക്രയാൻ 1 വിക്ഷേപണം 2028 മാർച്ച് 29ന്



**ബംഗളൂരു:** ഇന്ത്യയുടെ രണ്ടാം ഗ്രഹാന്തര ദൗത്യം ശുക്രയാൻ 1ൻറെ വിക്ഷേപണം 2028 മാർച്ച് 29ന്. ഇസ്രൊയുടെ എൽവിഎം 3 റോക്കറ്റിൽ കുതിച്ചുയരുന്ന ശുക്രയാൻ 112 ദിവസത്തെ യാത്രയ്ക്കൊടുവിൽ 2028 ജൂലൈ 19ന് ശുക്രനു ചുറ്റുമുള്ള ഭ്രമണപഥത്തിലെത്തും. ഒക്ടോബർ 1ന് ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയാണ് (ഇസ്രൊ) ബഹിരാകാശത്ത് രാജ്യത്തിൻറെ പുതിയ ചുവടുവയ്പ്പ് സംബന്ധിച്ച തീയതികൾ പ്രഖ്യാപിച്ചത്. ചൊവ്വ പര്യവേക്ഷണ ദൗത്യമായ മംഗൾയാൻ 1നു ശേഷം ഇസ്രൊ നടത്തുന്ന ആദ്യ ഗ്രഹാന്തര ദൗത്യമാണിത്. 2013ലായിരുന്നു മംഗൾയാൻ 1.

വീനസ് ഓർബിറ്റർ മിഷൻ അഥവാ വിഒഎം എന്ന ദൗത്യത്തിൽ ശുക്രൻറെ അന്തരീക്ഷം, പ്രതല സവിശേഷകൾ, അഗ്നിപർവതങ്ങൾ, ഉപരിതലപാളികളും അകക്കാമ്പും തുടങ്ങി വിവിധ വിഷയങ്ങൾ പരിശോധിക്കും. പ്രകാശ സവിശേഷതകൾ പഠിക്കാൻ സഹായിക്കുന്ന റഡാർ, ഇൻഫ്രാറെഡ് അൾട്രാവയലറ്റ് ക്യാമറകൾ, ശുക്രൻറെ അയോണോസ്ഫിയർ പരിശോധിക്കുന്ന സെൻസറുകൽ തുടങ്ങിയവ ശുക്രയാൻ 1 പേടകത്തിലുണ്ടാകും.

കാർബൺ ഡൈ ഓക്സൈഡാൽ സമ്പന്നമായ അന്തരീക്ഷമാണു ശുക്രൻറേത്. ആകെ 1236 കോടി രൂപ പ്രതീക്ഷിക്കുന്ന പദ്ധതിക്ക് അടുത്തിടെ കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. യുഎസും റഷ്യയും (സോവ്യറ്റ് യൂണിയൻ) യൂറോപ്യൻ സ്പെയ്സ് ഏജൻസിയും ജപ്പാനുമാണ് ഇതേവരെ ശുക്രനിലേക്ക് പര്യവേക്ഷണ പേടകം അയച്ചിട്ടുള്ളത്.

## ഇസ്രായേലിനെതിരെ ഇറാന്റെ മിസൈൽ ആക്രമണം ആറ് മരണം

**ടെൽഅവീവ്:** ഇസ്രായേലിനു നേരെ ഇറാൻറെ മിസൈൽ ആക്രമണം. ടെൽഅവീവിലുണ്ടായ ആക്രമണത്തിൽ ആറ്പേർ മരിച്ചു. ടെൽ അവീവിൽ ആക്രമണം നടന്നതായി ഇസ്രായേൽ സ്ഥിരീകരിച്ചു.

ഹിസബുള്ള തലവൻ സയ്യിദ് ഹസൻ നസ്റല്ലയെ ഇസ്രായേൽ വധിച്ചതിന് പിന്നാലെയാണ് ഇറാൻറെ തിരിച്ചടി. ആക്രമണത്തിൽ നിരവധി പേർക്ക് പരിക്കേറ്റതായും റിപ്പോർട്ടുകളുണ്ട്. ആക്രമണത്തിനു പിന്നാലെ ഇസ്രായേലിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

രാജ്യത്തുടനീളം അപായ സൈറൺ മുഴങ്ങി. സൈന്യം നൽകുന്ന സുരക്ഷാ നിർദേശങ്ങൾ എല്ലാവരും പാലിക്കണമെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഇസ്രായേൽ ജനതയോട് ആവശ്യപ്പെട്ടു.ഇസ്രായേലിന് നേരെ മിസൈൽ ആക്രമണത്തിന് ഇറാൻ പദ്ധതിയിടുന്നുവെന്ന അമേരിക്കൻ മുന്നറിയിപ്പിന് പിന്നാലെയാണ് ആക്രമണം. സ്വയം പ്രതിരോധിക്കാൻ ഇസ്രായേലിന് എല്ലാ സാഹയവും നൽകുമെന്ന് അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡൻ പറഞ്ഞു.

ഇറാൻറെ ആക്രമണത്തെ തുടർന്ന് വൈറ്റ് ഹൗസിൽ ജോ ബൈഡൻറെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്നു.

## ഇരട്ടി പ്രത്യാഘാതം അനുഭവിക്കേണ്ടി വരും ഇറാന് മുന്നറിയിപ്പുമായി യുഎസ്

ടെൽ അവീവിന് സമീപം ജാഫയിലുണ്ടായ വെടിവയ്പ്പിൽ മരണം ആറായി. പത്തു പേർ ഗുരുതര പരുക്കുകളോടെ ചികിത്സയിലാണ്. പ്രത്യാക്രമണത്തിൽ പൊലീസ് 2 തോക്കുധാരികളെയും വധിച്ചു. നിലവിൽ ആശങ്കയില്ലെന്നും മലയാളികൾ അടക്കം സുരക്ഷിതരാണെന്നുമാണ് വിവരം. താൽക്കാലികമായി അടച്ച ഇസ്രയേൽ വ്യോമപാത തുറന്നു. വെടിനിർത്തൽ അനിവാര്യമെന്ന് യുഎൻ സെക്രട്ടറി ജനറൽ അഭിപ്രായപ്പെട്ടു.

ഇസ്രയേലിനെതിരെ ഇറാൻ ബാലസ്റ്റിക് മിസൈലുകൾ വിക്ഷേപിച്ചതിനു പിന്നാലെ ലബനൻ തെരുവിൽ ആഹ്ളാദ പ്രകടനം നടന്നിരുന്നു. ബെയ്റൂട്ടിൽ ആളുകൾ പടക്കങ്ങൾ പൊട്ടിച്ചാണ് ഇറാന്റെ ആക്രമണത്തിൽ ആഹ്ളാദം പ്രകടിപ്പിച്ചതെന്നാണ് രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇസ്രയേലിൽ മിസൈൽ ആക്രമണം നടത്തിയതിനു പിന്നാലെ മുന്നറിയിപ്പുമായി ഇറാനും രംഗത്തെത്തിയിരുന്നു. ”ഇത് ഇസ്രയേലിനെതിരെയുള്ള ശക്തമായ പ്രതികരണമാണ്. തിരിച്ചടിച്ചാൽ പ്രത്യാക്രമണം രൂക്ഷമാകുമെന്നാണ് മുന്നറിയിപ്പ്. ഇറാനെതിരെയുള്ള പ്രതിരോധത്തിൽ ഇസ്രയേലിനു പിന്തുണ നൽകാൻ യുഎസ് സൈന്യത്തോടു പ്രസിഡന്റ് ജോ ബൈഡൻ ഉത്തരവിട്ടു. ഇസ്രയേലിനു പിന്തുണയുമായി മധ്യപൂർവദേശത്ത് യുഎസിനു 40,000 സൈനികരാണുള്ളത്. രണ്ടാഴ്ചയിലേറെയായി തുടരുന്ന കനത്ത ബോംബാക്രമണങ്ങൾക്കു പിന്നാലെ, ഇന്നലെ തെക്കൻ ലബനനിൽ തങ്ങളുടെ കമാൻഡോകൾ പ്രവേശിച്ചതായി ഇസ്രയേൽ പ്രഖ്യാപിച്ചതിനു പിന്നാലെയാണ് ഇറാന്റെ ആക്രമണം. ലബനൻ, ഇറാഖ്, ജോർദാൻ എന്നീ രാജ്യങ്ങൾ വ്യോമപാതകൾ അടച്ചു.

## ഡിജിറ്റലാകാൻ മോട്ടർ വാഹന വകുപ്പ്; ഡ്രൈവിങ് ടെസ്റ്റ് പാസാകുന്ന അന്നു തന്നെ ലൈസൻസ്

**ഇതുവരെ മൂന്നു സംസ്ഥാനങ്ങൾ മാത്രമാണ് പ്രിന്റ് ചെയ്ത കാർഡുകളുടെ വിതരണം അവസാനിപ്പിച്ചത്. നാലാമത്തെ സംസ്ഥാനമായി കേരളം മാറും**




**തിരുവനന്തപുരം:** പ്രിന്റ് ചെയ്ത ഡ്രൈവിങ് ലൈസൻസ് ഒഴിവാക്കി പൂർണമായി ഡിജിറ്റലാകാൻ മോട്ടർ വാഹന വകുപ്പ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പ്രിന്റ് ചെയ്ത ഡ്രൈവിങ് ലൈസൻസ് നൽകുന്നത് അവസാനിപ്പിക്കും. രണ്ടാം ഘട്ടത്തിൽ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റിങ്ങും നിർത്തലാക്കുമെന്നു വകുപ്പ് അറിയിച്ചു. ട്രാൻസ്പോർട്ട് കമ്മിഷണറായി സി.എച്ച്.നാഗരാജു ചുമതലയേറ്റതിനു പിന്നാലെയാണ് ഡിജിറ്റൽ നീക്കങ്ങൾ വേഗത്തിലാക്കിയിരിക്കുന്നത്. ഇതുവരെ മൂന്നു സംസ്ഥാനങ്ങൾ മാത്രമാണ് പ്രിന്റ് ചെയ്ത കാർഡുകളുടെ വിതരണം അവസാനിപ്പിച്ചത്. നാലാമത്തെ സംസ്ഥാനമായി കേരളം മാറും.

ഡിജിറ്റലായിക്കഴിഞ്ഞാൽ ഡ്രൈവിങ് ടെസ്റ്റ് പാസാകുന്ന അതേ ദിവസം തന്നെ ലൈസൻസ് കാർഡ് നൽകാൻ കഴിയും. അപേക്ഷകർക്കു വീട്ടിലെത്തി രാത്രിയോടെ ലൈസൻസ് ഡൗൺലോഡ് ചെയ്യാം. ഉദ്യോഗസ്ഥർ പരിശോധന നടത്തുന്ന സമയത്ത് ഡിജിലോക്കറിലുള്ള ഡിജിറ്റൽ കാർഡ് കാണിക്കാൻ കഴിയും. കാർഡിന്റെ നിലവിലത്തെ സ്ഥിതി ക്യുആർ കോഡ് സ്കാൻ ചെയ്ത് ഉദ്യോഗസ്ഥർക്കു മനസിലാക്കാം. ഡ്രൈവിങ് ലൈസൻസ് നിലവിലുണ്ടോ സസ്പെൻഡ് ചെയ്തതാണോ റദ്ദാക്കിയതാണോ എന്നു തിരിച്ചറിയാനും കഴിയും.

കാർഡ് നഷ്ടപ്പെടുമെന്ന ആശങ്ക കൂടാതെ തന്നെ ഉദ്യോഗസ്ഥർക്കു കോപ്പി നൽകാൻ കഴിയും. ആളുകൾക്ക് ക്യൂ ആർ കോഡ് ഉൾപ്പെടെ കാർഡിന്റെ കോപ്പി അക്ഷയകേന്ദ്രങ്ങളിൽനിന്നു പ്രിന്റ് എടുത്തു കൈയിൽ കരുതാനും കഴിയും. നിലവിൽ പ്രിന്റ് ചെയ്ത ലൈസൻസ് കാർഡാണ് ജനങ്ങൾ ഉപയോഗിച്ചു ശീലിച്ചിരിക്കുന്നത്. ഡിജിറ്റലിലേക്കു പൂർണമായി മാറണമെങ്കിൽ പ്രിന്റിങ് അവസാനിപ്പിക്കുക മാത്രമാണ് മാർഗമെന്ന് മോട്ടർ വാഹന വകുപ്പ് വ്യക്തമാക്കുന്നു.

**സൊസൈറ്റി ടുഡേ**

ഗാന്ധിജയന്തി പ്രമാണിച്ച് ഇന്ന് ഓഫീസ് അവധിയായതിനാൽ നാളെ (വ്യാഴം) സൊസൈറ്റി ടുഡേ ഉണ്ടായിരിക്കുന്നതല്ല





ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്റ്റർ ആന്റ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി) വിദ്യാർഥികളുടെ ബിരുദദാന സമ്മേളനം' ഉദയം ' വൈറ്റില സിൽവർ സാന്റ് ഐലന്റിലെ കോളജ് ക്യാംപസിൽ ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ. എസ്.സോമനാഥ് ഉദ്ഘാടനം ചെയ്യുന്നു.ജബീൻ സക്കറിയാസ്, രമ സന്തോഷ്, ഡോ.ബാബു മൈക്കിൾ, ഹൈബി ഈഡൻ എം.പി, ഡോ.ബാബു രാജേശ്വരൻ, ആർക്കിടെക്ട് പ്രൊഫ. ബി.ആർ.അജിത്ത്, ദേവി അജിത്ത്, അമ്മു അജിത്ത്, കേശവ് ഗംഗാധരൻ എന്നിവർ സമീപം.

# പരിസ്ഥിതി സൗഹൃദ കെട്ടിടനിർമ്മാണം അനിവാര്യം: ഡോ. എസ്. സോമനാഥ്

**കൊച്ചി:** ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും യാഥാർഥ്യമാണെന്ന് തിരിച്ചറിഞ്ഞ് പരിസ്ഥിതി സൗഹൃദമായ കെട്ടിടങ്ങൾ നിർമ്മിച്ച് ഭൂമി സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്നും ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ. എസ്. സോമനാഥ് പറഞ്ഞു. ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്റ്റർ ആന്റ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി) വിദ്യാർഥികളുടെ ബിരുദദാന സമ്മേളനം' ഉദയം ' വൈറ്റില സിൽവർ സാന്റ് ഐലന്റിലെ കോളജ് ക്യാംപസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആർക്കിടെക്ച്ചറും സ്പേസ് റിസർച്ചും പരിസ്പരം ബന്ധപ്പെട്ടിരിക്കുന്നതാണ്.രണ്ടും മനുഷ്യന്റെ ആവാസ വ്യവസ്ഥയെ രൂപകൽപ്പന ചെയ്യുന്നതാണ്. ആർക്കിടെക്ച്ചറും സ്പേസ് റിസർച്ചും ഊർജ്ജ കാര്യക്ഷമതയുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെടുന്നത്. രണ്ടിന്റെയും അടിസ്ഥാനം ഒന്നു തന്നെയാണ്.

പരിസ്ഥിതി സൗഹൃദമായ കെട്ടിട നിർമ്മാണത്തിനായിരിക്കണം യുവ ആർക്കിടെക്റ്റുമാർ മുൻഗണന നൽകേണ്ടതെന്നും ഡോ. എസ് സോമനാഥ് പറഞ്ഞു. ആസാദിയിൽ ആരംഭിക്കുന്ന ഇന്ത്യയിലെ ആദ്യ ആർക്കിടെക്ച്ചർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഡിവിഷന്റെ ലോഞ്ചും ചടങ്ങിൽ അദ്ദേഹം നിർവ്വഹിച്ചു.

ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ.ബി.ആർ അജിത് അധ്യക്ഷത വഹിച്ചു. എം. ജി യൂണിവേഴ്സിറ്റി ബി ആർക്ക് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ അനീറ്റ പോൾ, രണ്ടാം റാങ്ക് നേടിയ കൃപാ കൃഷ്ണകുമാർ, അഞ്ചാം റാങ്ക് നേടിയ നീത ജോസഫ് എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ഹൈബി ഈഡൻ എം.പി, തൃപ്പൂണിത്തുറ നഗര സഭ ചെയർപേഴ്സൺ രമാ സന്തോഷ്, എം.ജി സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം പ്രൊഫ. ഡോ. ബാബു മൈക്കിൾ, ആസാദി ഫിനാൻസ് ഡയറക്ടർ ദേവി അജിത്, സി.ഇ.ഒ അമ്മു അജിത്,പ്രിൻസിപ്പാൾ ഡോ. ബാബു രാജേശ്വരൻ,ആർക്കിടെക്റ്റ് കേശവ് ഗംഗാധരൻ, ആർക്കിടെക്റ്റ് ജബീൻ സക്കറിയാസ് തുടങ്ങിയവർ സംസാരിച്ചു.

# ഭിന്നശേഷി കുട്ടികൾക്ക് ഹോസ്റ്റൽകെട്ടിടം നിർമ്മിക്കുന്നതിന് ഒരുകോടി രൂപ കൈമാറി

**ഹരിപ്പാട് :** മാനസികമായും ശാരീരകമായും വെല്ലുവിളി നേരിടുന്ന കുരുന്നുകൾക്ക് ആശ്രയമായ സബർമതിക്ക് കരുതലിന്റെ തണലുമായി ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി. സബർമതിയുടെ ഏഴാം വാർഷികത്തിൽ കേരള ഗവർണറെയും കുട്ടികളെയും സാക്ഷിയാക്കി നൽകിയ ഉറപ്പ് യൂസഫലി യാഥാർത്ഥ്യമാക്കി. ഹോസ്റ്റൽ സൗകര്യമുള്ള മികച്ച നിലവാരത്തോടെയുള്ള കെട്ടിടം നിർമ്മിക്കുന്നതിന് നൽകുമെന്ന പറഞ്ഞ 1 കോടി രൂപ എം.എ യൂസഫലി കൈമാറി. 1 കോടി രൂപയുടെ ചെക്ക് എം.എ യൂസഫലിക്ക് വേണ്ടി ലുലു ഇന്ത്യ സിഎഫ്ഒ സതീഷ് കുറുപ്പത്ത്, റീജിയണൽ ഡയറക്ടർ സാദിഖ് കാസിം, ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ് എന്നിവർ സബർമതി സ്ഥാപക നേതാവ് രമേശ് ചെന്നിത്തലയ്ക്ക് കൈമാറി. എം.എ യൂസഫലിയുടെ ഹൃദയവിശാലതയ്ക്ക് നന്ദി അറിയിച്ച് സബർമതിയിലെ കുട്ടികൾക്ക് വേണ്ടി നിറഞ്ഞമനസോടെ സ്വീകരിക്കുന്നുവെന്ന് പറഞ്ഞാണ് ചെക്ക് രമേശ് ചെന്നിത്തല ഏറ്റുവാങ്ങിയത്. ജീവതയാത്രയിലെ വെല്ലുവിളികൾ മറികടക്കാൻ കുട്ടികൾക്ക് കരുത്തേകുന്നതാണ് സഹായമെന്നും നിരവധി കുരുന്നുകളുടെ ജീവിതത്തിലേക്കാണ് എം.എ യൂസഫലി വെളിച്ചംവീശുന്നതെന്നും രമേശ് ചെന്നിത്തല പറഞ്ഞു. നാടും സമൂഹവും യൂസഫലിയോട് കടപ്പെട്ടിരിക്കുന്നുവെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.



സബർമതി സ്പെഷ്യൽ സ്കൂളിൽ ആധുനിക നിലവാരത്തിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഒരു കോടി രൂപയുടെ ചെക്ക് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിക്ക് വേണ്ടി ലുലു ഇന്ത്യ സിഎഫ്ഒ സതീഷ് കുറുപ്പത്ത്, റീജിയണൽ ഡയറക്ടർ സാദിഖ് കാസിം, ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ് എന്നിവർ രമേശ് ചെന്നിത്തലയ്ക്ക് കൈമാറുന്നു.

വെല്ലുവിളികൾ നേരിടുന്ന 114 കുട്ടികളാണ് സബർമതിയിൽ ഇപ്പോൾ പഠിക്കുന്നത്. മികച്ച ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ ഓരോ ദിവസവും ക്ലാസ് കഴിഞ്ഞ് കുട്ടികളെ വീട്ടിൽ തിരിച്ചു കൊണ്ടാക്കുകയാണ് ഇതുവരെ ചെയ്തിരുന്നത്. എന്നാൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് ആശ്രയമാകാൻ താമസം ഇടം ഒരുക്കാൻ കഴിയാത്ത ബുദ്ധിമുട്ടിലായിരുന്നു സബർമതി കേന്ദ്രം. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അടക്കം പങ്കെടുത്ത സബർമതിയുടെ ഏഴാം വാർഷിക പരിപാടിയിൽ വച്ച് ഇക്കാര്യം രമേശ് ചെന്നിത്തല എം.എ യൂസഫലിയുടെ ശ്രദ്ധയിൽപ്പെടുത്തുകയായിരുന്നു. വേദിയിൽ വച്ച് തന്നെ ഈ പ്രയാസം പരിഹരിക്കുമെന്ന് ഉറപ്പ് നല്കിയ എം.എ യൂസഫലി 1 കോടി രൂപയുടെ സഹായം പ്രഖ്യാപിച്ചു. ദിവസങ്ങൾക്കുള്ളിൽ പ്രഖ്യാപനം യാഥാർത്ഥ്യമായി. ഹോസ്റ്റൽ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ഇനി വേഗത്തിൽ ആരംഭിക്കാം.

# കുഫോസിൽ വൺനെസ് എൻലൈറ്റ്മന്റ് ഇന്ന്

**കൊച്ചി:** വൺനെസ് മൂവ്മെന്റ് സംഘടിപ്പിക്കുന്ന എൻലൈറ്റ്മന്റ് പ്രോഗ്രാം ഇന്ന് (02.10.24 ബുധൻ) പനങ്ങാട് കുഫോസ് ക്യാംപസിൽ നടക്കും. വൈകുന്നേരം മൂന്നിന് ആരംഭിക്കുന്ന പ്രോഗ്രാം ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. വൺനെസ് മൂവ്മെന്റ് സഹ സ്ഥാപകൻ മുക്തി ഗുരു ശ്രീ കൃഷ്ണാജി പ്രോഗ്രാമിന് നേതൃത്വം നൽകും. പ്രീതാജിയും കൃഷ്ണാജിയും ചേർന്ന് എഴുതിയ പുസ്തകത്തിന്റെ മലയാള പരിഭാഷയായ 'നാല് പവിത്ര രഹസ്യങ്ങൾ' എന്ന പുസ്തകം ചടങ്ങിൽ ജസ്റ്റിസ്. നഗരേഷ് പ്രകാശനം ചെയ്യും. കുഫോസ് വൈസ് ചാൻസലർ ഡോ.ടി പ്രദീപ്കുമാർ, ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ എന്നിവർ പങ്കെടുക്കും. ഏകതയിലൂടെയും സമാധാനത്തിലൂടെയും മാനവികത ഉയർത്തുക എന്ന ലക്ഷ്യത്തിൽ പ്രവർത്തിക്കുന്ന കൂട്ടായ്മയാണ് വൺനെസ് മൂവ്മെന്റ്. മുക്തി ഗുരുക്കളുമായി നേരിട്ടുള്ള ആശയവിനിമയം, സമാധാനത്തിനായുള്ള പ്രാർഥന എന്നിവയും എൻലൈറ്റ്മന്റ് പ്രോഗ്രാമിൽ ഉണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് +919496616925 എന്ന നമ്പറിൽ ബന്ധപ്പെടുക

# എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ നവരാത്രി ആഘോഷം

**കൊച്ചി:** എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ നവരാത്രി ആഘോഷങ്ങൾക്ക് ഒക്ടോ 3 വ്യാഴാഴ്ച തുടക്കമാകും. 13 ന് സമാപിക്കും. മൂന്നിന് വൈകിട്ട് ഏഴിന് മഹാഭഗവതി പൂജ നടക്കും. 7.15 ന് നവരാത്രി ഉദ്ഘാടനം. നാലിന് രാവിലെ എട്ടരയ്ക്ക് മഹാഭഗവതി പൂജ, വൈകിട്ട് ആറരയ്ക്ക് ശക്തിസ്വരൂപിണി പൂജ. അഞ്ചിന് രാവിലെ എട്ടരയ്ക്ക് മഹാലക്ഷ്മി പൂജ, വൈകിട്ട് ആറരയ്ക്ക് ശക്തിസ്വരൂപിണി പൂജ, 6,7,8 തീയതികളിൽ രാവിലെ എട്ടരയ്ക്ക് മഹാലക്ഷ്മി പൂജ, വൈകിട്ട് ആറരയ്ക്ക് ശക്തിസ്വരൂപിണി പൂജ. 9 ന് രാവിലെ എട്ടരയ്ക്ക് ദുർഗ പൂജ, വൈകിട്ട് ആറരയ്ക്ക് സരസ്വതി പൂജ. 10 ന് വൈകിട്ട് ആറരയ്ക്ക് പൂജ വെയ്പ്.11 ന് രാവിലെ എട്ടരയ്ക്ക് ലക്ഷ്മി പൂജ, വൈകിട്ട് ആറരയ്ക്ക് ദുർഗ്ഗാപൂജ. 12 നു മഹാനവമി ആയുധപൂജ നടക്കും. രാവിലെ എട്ടരയ്ക്ക് ദുർഗാപൂജ, വൈകിട്ട് ആറരയ്ക്ക് കാളീപൂജ. 13 ന് രാവിലെ ഏഴിന് സരസ്വതി പൂജ, 7.20 നു പൂജയെടുപ്പ്. ഏഴരയ്ക്ക് വിദ്യാരംഭം.

# കുസാറ്റ്: ഭൗതിക ശാസ്ത്ര വകുപ്പ് ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഭൗതിക ശാസ്ത്ര വകുപ്പിൽ കോളേജ്, സർവകലാശാല അധ്യാപകർക്കായി ഓപ്പൺ ക്വാണ്ടം, സ്റ്റാറ്റിസ്റ്റിക്കൽ ഭൗതിക ശാസ്ത്രശാഖകളിൽ എ.എൻ.ആർ.എഫ് സഹകരണത്തോടെ ഏക ദിന ശിൽപശാല സംഘടിപ്പിച്ചു.കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ഐസറിലെ പ്രൊഫ.അനിൽ ഷാജി, ചെന്നൈയിലെ ഐ.എം.എസ്.സി യിലെ ഡോ.അർണബ് പാൽ എന്നീ ശാസ്ത്രജ്ഞർ ക്ലാസ്സുകൾ നയിച്ചു.

# ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് സൈക്ലത്തോൺ സംഘടിപ്പിച്ച് ലൂർദ്

**കൊച്ചി:** ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് എറണാകുളം ലൂർദ് ആശുപത്രി ഡെക്കാത്തലോൺ കളമശ്ശേരി, ഭാരത് മാതാ കോളേജ് തൃക്കാക്കര എന്നിവരുമായി സഹകരിച്ച് കളമശ്ശേരി മുതൽ ഭാരത് മാതാ കോളേജ് വരെ സൈക്ലത്തോൺ സംഘടിപ്പിച്ചു. ഹൃദയാരോഗ്യം, മെച്ചപ്പെട്ട ജീവിതശൈലി, ആരോഗ്യകരമായ വ്യായാമം എന്നിവയെ കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നൽകുന്നതിന് വേണ്ടിയിട്ടാണ് സൈക്ലത്തോൺ സംഘടിപ്പിച്ചത്. വിവിധ റൈഡേഴ്സ് ക്ലബ്ബിലെ അംഗങ്ങൾ, തൃക്കാക്കര ഭരതമാതാ കോളേജിലെ എൻ.സി.സി, എൻ.എസ്. എസ് വിദ്യാർഥികൾ എന്നിവർ സൈക്ലത്തോണിൽ പങ്കെടുത്തു. ലൂർദ് ആശുപത്രി വെൽഫെയർ ഓഫീസർ ഫാദർ ആൻറണി റാഫേൽ കൊമരംചാത്ത് സൈക്ലത്തോൺ ഫ്ലാഗ് ഓഫ് ചെയ്തു. ലൂർദ് ആശുപത്രി അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ് സമാപന സന്ദേശം നൽകി. ലൂർദ് ആശുപത്രി കാർഡിയോളജി വിഭാഗം മേധാവി ഡോ. സുജിത് കുമാർ എസ്, ഭാരത് മാതാ കോളേജ് പ്രിൻസിപ്പൽ ഡോ. ലിസ്സി കാച്ചപ്പിള്ളി, ലൂർദ് ആശുപത്രി അസിസ്റ്റൻറ് ഡയറക്ടർ മാരായ ഫാ. മിഥുൻ ജോസഫ് ചെമ്മായത്ത്, ഫാ. സോനു അംബ്രോസ് ഇത്തിത്തറ, കാഡിയോ തൊറാസിക് സർജറി വിഭാഗം മേധാവി ഡോ. പ്രദീപ് കെ.കെ, കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ ജിനേഷ് തോമസ്, ചലച്ചിത്ര താരം ഇവ റോസ്, ഡെക്കാത്തലോൺ പ്രതിനിധി ബിൽബിൻ നോബി, ലൂർദ് ആശുപത്രി റിലേഷൻ & ഓപ്പറേഷൻ ഓഫീസർ ശ്രീ. റിറ്റ്സൺ ദേവസി എന്നിവർ സംസാരിച്ചു.

## ക്ഷീര പോർട്ടൽ ഉദ്ഘാടനം 5 ന്

**തിരുവനന്തപുരം:** ക്ഷീര വികസന വകുപ്പ് തയ്യാറാക്കിയ ക്ഷീരസംഘങ്ങൾക്കായുള്ള ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനമായ ക്ഷീരശ്രീ പോർട്ടൽ ഓൺലൈൻ പാൽ സംഭരണ വിപണന ഉദ്ഘാടനം ഒക്ടോബർ 5 ന് രാവിലെ 11 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണിത്. മിൽമ ഉൽപ്പന്നങ്ങളുടെ വിപണന ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി നിർവഹിക്കും. അഡ്വ. വി.കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ ഡോ. ശശി തരൂർ എം.പി പങ്കെടുക്കും. ജനപ്രതിനിധികൾ, ക്ഷീരസംഘം പ്രതിനിധികൾ, മിൽമ പ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും.

## ഇഹെൽത്ത് സപ്പോർട്ടിങ് സ്റ്റാഫ്: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കൊല്ലം സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ കാസ്പ് സ്കീം മുഖേന താത്കാലികാടിസ്ഥാനത്തിൽ ഇഹെൽത്ത് സപ്പോർട്ടിങ് സ്റ്റാഫിന്റെ ഒഴിവിലേക്ക് ഒക്ടോബർ 10ന് വൈകിട്ട് അഞ്ചുവരെ അപേക്ഷിക്കാം. മൂന്നു വർഷത്തെ ഇലക്ട്രോണിക്സ്/ കമ്പ്യൂട്ടർ ഡിപ്ലോമ, ഹാർഡ് വെയർ ആൻഡ് നെറ്റ്‌വർക്കിങ്/ ഹോസ്പിറ്റൽ മാനേജ്മെന്റ് സോഫ്റ്റ് വെയർ ആൻഡ് ഇംപ്ലിമെന്റേഷനിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയം ആണ് യോഗ്യത. വേതനം 17,000 രൂപ. പ്രായപരിധി 1841.

അഭിമുഖ തീയതി www.gmckollam.edu.in ൽ പ്രസിദ്ധീകരിക്കും. അഭിമുഖത്തിന് ഹാജരാകുമ്പോൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, വയസ് എന്നിവ തെളിയിക്കുന്ന അസൽ രേഖകളും പകർപ്പുകളും സഹിതം കോളജ് ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ സമർപ്പിക്കണം.

## സീറ്റൊഴിവ്

**തിരുവനന്തപുരം:** സംസ്ഥാന ടൂറിസം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) ൽ തൊഴിലധിഷ്ഠിത ടൂറിസം/ ഹോസ്പിറ്റാലിറ്റി കോഴ്സുകൾക്ക് സീറ്റൊഴിവ്. കേരള സർക്കാരിന്റെ സ്കോളർഷിപ്പോടുകൂടി പെൺകുട്ടികൾക്ക് പഠിക്കാനാകുന്ന മൾട്ടി സ്കിൽഡ് ഹോസ്പിറ്റാലിറ്റി കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

ബിരുദ ധാരികൾക്ക് ഉതകുന്ന പി.ജി.ഡിപ്ലോമ ഇൻ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി കോഴ്സിനും പി.ജി ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻ ഇൻ ടൂറിസം കോഴ്സിനും സീറ്റുകൾ ഒഴിവുണ്ട്. ഉടൻ ആരംഭിക്കുന്ന കേന്ദ്രസർക്കാരിന്റെ എച്ച്.എസ്.ആർ.ടി പദ്ധതിക്ക് കീഴിൽ സൗജന്യമായി പഠിക്കാവുന്ന മൾട്ടി ക്യൂസിൻ കുക്ക്, ഫ്രണ്ട് ഓഫീസ് അസോസിയേറ്റ് എന്നീ കോഴ്സുകളിലും സീറ്റ് ഒഴിവുണ്ട്.

എല്ലാ കോഴ്സുകൾക്കും ഇന്റേൺഷിപ്പ് നൽകും. പ്ലെയ്സ്മെന്റ് ലഭ്യമാകുന്നതിനുള്ള സൗകര്യവും ഒരുക്കും. വിശദവിവരങ്ങൾക്ക് www.kittsedu.org സന്ദർശിക്കുക. പൂരിപ്പിച്ച അപേക്ഷകൾ ഒക്ടോബർ ഏഴിനകം ഡയറക്ടർ, കിറ്റ്സ്, റെസിഡൻസി, തൈക്കാട്, തിരുവനന്തപുരം 14 എന്ന വിലാസത്തിൽ ലഭിക്കണം.

## ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** സംസ്ഥാനത്തെ ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിൽ സംസ്ഥാനത്തെ കോളജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവരും കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം നീറ്റ് എം.ഡി.എസ് യോഗ്യത നേടിയിട്ടുള്ളവരുമായ വിദ്യാർഥികളിൽനിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. യോഗ്യരായ വിദ്യാർഥികൾക്ക് ഒക്ടോബർ 6ന് രാത്രി 11.59 വരെ അപേക്ഷിക്കാം.

സ്ട്രേ വേക്കൻസി ഫില്ലിങ് അലോട്ട്മെന്റിനുശേഷം സംസ്ഥാന ദന്തൽ കോളജുകളിൽ ഒഴിഞ്ഞുകിടക്കുന്ന ജനറൽ കാറ്റഗറി സീറ്റുകളിലേക്ക് മാത്രമായിരിക്കും പുതുതായി യോഗ്യത നേടിയ വിദ്യാർഥികളെ പരിഗണിക്കുന്നത്.

പുതുതായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർഥികൾ നേറ്റിവിറ്റി, ജനനതീയതി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും കമ്മ്യൂണിറ്റി/ കാറ്റഗറി/ ഫീസ് ആനുകൂല്യം (ബാധകമായവർക്ക് മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം.

വിശദമായ വിജ്ഞാപനം www.cee.kerala.gov.in ൽ ലഭിക്കും. ഫോൺ: 04712525300.



സ്തനാർബുദ ബോധവൽക്കരണ മാസാചരണത്തിന്റെ ഭാഗമായി കൊച്ചിൻ കാൻസർ സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ' പിങ്ക് സെഞ്ചുറി ' നൂറുദിന സ്തനാർബുദ സൗജന്യ പരിശോധന കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ നടന്ന ചടങ്ങിൽ ക്യാൻസർ രോഗ വിദഗ്ദൻ ഡോ. വി.പി ഗംഗാധരൻ പിങ്ക് ബലൂൺ പറത്തി ഉദ്ഘാടനം ചെയ്യുന്നു. ഡോ.പ്രൊഫ. ജിൻസി ജോൺ, ഇക്ബാൽ വലിയവീട്ടിൽ, എം.ഒ ജോൺ. ഡോ.സച്ചിദാനന്ദ കമ്മത്ത്,പി.വി അഷ്റഫ്, ഇന്ദിരഭായി, ലീലാമ്മ ഫിലിപ്പ് തുടങ്ങിയവർ മുൻനിരയിൽ

# ഇന്ത്യയിൽ രണ്ടുലക്ഷം സ്ത്രീകൾക്ക് വർഷത്തിൽ സ്തനാർബുദം ബാധിക്കുന്നു: ഡോ. വി.പി ഗംഗാധരൻ

**കൊച്ചി:** ഇന്ത്യയിൽ വർഷം തോറും രണ്ടു ലക്ഷം സ്ത്രീകൾ സ്തനാർബുദ രോഗബാധിതരാകുന്നുവെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നതെന്ന് ക്യാൻസർ രോഗ വിദഗ്ദൻ ഡോ. വി.പി ഗംഗാധരൻ പറഞ്ഞു. സ്തനാർബുദ ബോധവൽക്കരണ മാസാചരണത്തിന്റെ ഭാഗമായി കൊച്ചിൻ കാൻസർ സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ' പിങ്ക് സെഞ്ചുറി ' നൂറുദിന സ്തനാർബുദ സൗജന്യ പരിശോധനയുടെ ഉദ്ഘാടനം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ പത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്തനാർബുദ രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചു വരികയാണ്. ഈ വർഷം മൂന്നു ലക്ഷം പേരെങ്കിലും രോഗബാധിതരാകാൻ സാധ്യതയുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. ഒരോ വർഷവും ഒരു ലക്ഷം സ്ത്രീകൾ സ്തനാർബുദ രോഗം ബാധിച്ചു മരിക്കുന്നുണ്ടെന്നും കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. മൂന്നാമത്തെയോ നാലമത്തെയോ ഘട്ടത്തിലാണ് പലപ്പോഴും രോഗം കണ്ടെത്തുന്നത്. ഇതാണ് മരണകാരണമാകുന്നത്. പ്രാരംഭ ഘട്ടത്തിൽ രോഗം കണ്ടെത്തിയാൽ നൂറു ശതമാനവും ചികിൽസിച്ചു ഭേദമാക്കാൻ സാധിക്കുന്നതാണ് സ്തനാർബുദം. 40 വയസ് പിന്നിടുന്ന സ്തീകൾ വർഷത്തിൽ ഒരു തവണയെങ്കിലും നിർബന്ധമായും പരിശോധന നടത്തണമെന്നും ഡോ. വി.പി ഗംഗാധരൻ പറഞ്ഞു. ഇന്ദിരാഗാന്ധി ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിച്ചു.

ആശുപത്രി ഡയറക്ടർമാരായ ഇക്ബാൽ വലിയവീട്ടിൽ, പി.വി അഷ്റഫ്, ഇന്ദിരഭായി പ്രസാദ്, മെഡിക്കൽ സൂപ്രണ്ട് ഡോ.സച്ചിദാനന്ദ കമ്മത്ത്, ഇന്ദിരാഗാന്ധി നേഴ്സിങ് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ.പ്രൊഫ. ജിൻസി ജോൺ, നേഴ്സിങ് സൂപ്രണ്ട് ലീലാമ്മ ഫിലിപ്പ്, ഡോ. മരിയ തുടങ്ങിയവർ സംസാരിച്ചു.നേഴ്സിംഗ് വിദ്യാർഥികൾ ഫ്ളാഷ് മോബും നടത്തി.

## രജിസ്ട്രേഷൻ ഇല്ലാതെയുള്ള പ്രാക്ടീസ് കുറ്റകരം: മന്ത്രി

**തിരുവനന്തപുരം:** ഡോക്ടർമാരുടെ രജിസ്ട്രേഷൻ ഇല്ലാതെയുള്ള പ്രാക്ടീസ് കുറ്റകരമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നിലവിലുള്ള നിയമം അനുസരിച്ച് മാത്രമേ സംസ്ഥാനത്ത് പ്രാക്ടീസ് നടത്താൻ പാടുള്ളു. മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 2021 പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യാത്തവർ പ്രാക്ടീസ് ചെയ്യുന്നത് കുറ്റകരമാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരം ആശുപത്രിയിൽ ജോലി ചെയ്യുന്നവർ നിശ്ചിത യോഗ്യതയുള്ളവരാണെന്നും രജിസ്റ്റർ ചെയ്തവരാണെന്നും ഉറപ്പ് വരുത്തേണ്ടത് ആ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. കോഴിക്കോട് നടന്ന സംഭവത്തിൽ കുറ്റക്കാർക്കെതിരെ നിയമപരമായി സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കാൻ എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു. ജോലിയ്ക്ക് നിയോഗിക്കപ്പെടുന്നവർക്ക് ആവശ്യമായ യോഗ്യത ഉണ്ടെന്നുള്ള സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് മാനേജ്മെന്റുകൾ ഉറപ്പാക്കണം. സർക്കാർ സർവീസിൽ ഈ കർത്തവ്യം പി.എസ്.സി.യാണ് നിർവഹിക്കുന്നത്. ആയത് നിയമനാധികാരികൾ ഉറപ്പ് വരുത്തുന്നു. അതേസമയം രോഗികളെയും ഒപ്പമുള്ളവരെയും സംബന്ധിച്ച് ഇങ്ങനെ പരിശോധിക്കാൻ സാധിക്കുന്നതല്ല. കൊല്ലത്ത് വ്യാജ ഗൈനക്കോളജി സർട്ടിഫിക്കറ്റുമായി ഒരു ഡോക്ടർ നടത്തിയ ചികിത്സയെ തുടർന്ന് 2019ൽ യുവതി മരിച്ച സംഭവത്തിൽ ഫയൽ മുമ്പിലെത്തിയപ്പോഴാണ് ഡോക്ടർ രജിസ്ട്രേഷൻ ഉള്ള ആളാണോ എന്നറിയുന്നതിന് പൊതുസമൂഹത്തിനും ഒരു സംവിധാനം ആവശ്യമാണെന്ന് ചിന്തിച്ചത്. രജിസ്റ്റേർഡ് ഡോക്ടർമാരുടെ പേര് മെഡിക്കൽ കൗൺസിൽ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൗൺസിൽ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ സൈറ്റിലെ പ്രസ്തുത വിവരം ആവശ്യമുള്ളവർ മാത്രം കാണുന്നതിന് ക്യൂആർ കോഡും ലഭ്യമാക്കാൻ കഴിയും.

## നോർക്കയുടെ പ്രവർത്തനം പഠിക്കാൻ തമിഴ്നാട് സംഘമെത്തി

**തിരുവനന്തപുരം:** സംസ്ഥാന പ്രവാസികാര്യ വകുപ്പിന്റെ കീഴിലുള്ള നോർക്ക റൂട്ട്സിന്റെ പദ്ധതികളും സേവനങ്ങളും മനസിലാക്കുന്നതിനും പരസ്പര സഹകരണ സാധ്യതയുള്ള മേഖലകൾ കണ്ടെത്തുന്നതിനുമായി തമിഴ്നാട് പ്രവാസി ക്ഷേമ ബോർഡ് കമ്മീഷണർ ബി. കൃഷ്ണമൂർത്തിയുടെ നേതൃത്വത്തിലുള്ള നാല് അംഗ പ്രതിനിധി സംഘം തിരുവനന്തപുരം നോർക്ക സെന്റർ സന്ദർശിച്ചു. നോർക്ക വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരി എന്നിവരുമായി സംഘം ചർച്ച നടത്തി.

തമിഴ്നാട് പ്രവാസി ക്ഷേമ ബോർഡിനെ പ്രതിനിധീകരിച്ച് ബോർഡ് അംഗങ്ങളായ ജി.വി. റാം, ധ്രുവ് ഗോയൽ, ഭരത് എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. നോർക്ക വകുപ്പിന്റെയും നോർക്ക റൂട്ട്സിന്റെയും പ്രവർത്തനങ്ങൾ ഡോ. കെ. വാസുകിയും അജിത് കോളശേരിയും വിശദീകരിച്ചു.

സമഗ്ര വളർച്ചയ്ക്കായി പ്രവാസി മലയാളികളുടെ നിക്ഷേപം കേരളത്തിലേക്ക് ആകർഷിക്കുകയാണ് ലക്ഷ്യമെന്ന് ഡോ. കെ. വാസുകി പറഞ്ഞു. പ്രവാസികളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും സംസ്ഥാന സർക്കാരിനു മുൻപാകെ അവതരിപ്പിക്കാനുള്ള മികച്ച വേദിയായി ലോക കേരള സഭ മാറിക്കഴിഞ്ഞെന്നും അവർ പറഞ്ഞു.മലയാളികൾ പുതിയ സ്ഥലങ്ങളിലേക്ക് ജോലി തേടി ചേക്കേറി തുടങ്ങിയതായി അജിത് കോളശേരി പറഞ്ഞു. പ്രവാസി മലയാളികളുടെ കഴിവും പരിചയവും കേരളത്തിന്റെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്നതിനും തൊഴിൽ അവസരം ഒരുക്കുന്നതിനായി നിക്ഷേപം ആകർഷിക്കുന്നതിനുമാണ് ശ്രമിക്കുന്നത്.



## ഹൃദയത്തിൽ നിന്നുള്ള ചോദ്യങ്ങൾ പ്രകാശനം ചെയ്തു

**കൊച്ചി:** ഹൃദയാരോഗ്യത്തിന് മുൻപെന്നത്തെക്കാളും പ്രാധാന്യം കൈവന്നിരിക്കുന്നുവെന്ന് മന്ത്രി എം.ബി രാജേഷ്. മുൻകാലങ്ങളിൽ മുതിർന്നവർക്ക് മാത്രമായിരുന്നു ഹൃദ്രോഗങ്ങൾ സാരമായി ബാധിച്ചിരുന്നതെങ്കിൽ ഇന്നത് ചെറുപ്പക്കാരെയും അപകടകരമാം വിധം ബാധിക്കുന്നു. കോവിഡിന് ശേഷമുള്ള ഹൃദ്രോഗ ബാധിതരുടെ കണക്കുകൾ ആശങ്കയുയർത്തുന്നതാണ്. ജീവിത ശൈലിയിലും ഭക്ഷണരീതിയിലും മാറ്റവും ശ്രദ്ധയും ചെലുത്തേണ്ടത് അനിവാര്യമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി. 'ഹൃദയത്തിൽ നിന്നുള്ള ചോദ്യങ്ങൾ' എന്ന പേരിൽ ഹൃദയാരോഗ്യം സംബന്ധിച്ച കൈപ്പുസ്തകം പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി. ലോക ഹൃദയദിനത്തിൽ ലിസി ആശുപത്രിയിലെ കാർഡിയോളജി വിഭാഗവുമായി സഹകരിച്ച് കാർഡിയോളജി വാസ്കുലാർ സൊസൈറ്റി (സിവിആർഎസ്) ആണ് പരിപാടി സംഘടിപ്പിച്ചത്. ഹൃദ്രോഗികൾക്കും കുടുംബാംഗങ്ങൾക്കുമായി പുറത്തിറക്കിയിരിക്കുന്ന കൈപ്പുസ്തകത്തിൽ ഹൃദ്രോഗങ്ങളെ കുറിച്ചുള്ള സംശയങ്ങൾ, സ്വീകരിക്കേണ്ട മുൻകരുതൽ, ചികിത്സ, ഹൃദ്രോഗം കണ്ടെത്തൽ, ചികിത്സയ്ക്ക് ശേഷമുള്ള പരിചരണം തുടങ്ങിയവയെല്ലാം വിശദമായി പ്രതിപാദിക്കുന്നു.ഹൃദ്രോഗ ലക്ഷണങ്ങൾ, ചികിത്സ, ജീവിതശൈലീ മാറ്റങ്ങൾ, ദീർഘകാല പരിചരണം തുടങ്ങി രോഗികൾക്കുണ്ടാകുനൻ ഒട്ടേറെ സംശയങ്ങൾക്കുള്ള മറുപടിയാണ് കൈപ്പുസ്തകമെന്ന് സിവിആർഎസ് സെക്രട്ടറിയും സീനിയർ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റുമായ ഡോ. ജാബിർ അബ്ദുള്ളക്കുട്ടി പറഞ്ഞു.കൃത്യമായ വിവരങ്ങൾ ലളിതമായ രീതിയിൽ ഉൾപ്പെടുത്തിയാണ് പുസ്തകം തയാറാക്കിയിരിക്കുന്നതെന്ന് കൈപ്പുസ്തകം എഡിറ്റർ കൂടിയായ ഡോ. പി പി ഗീവർ സക്കറിയ ചൂണ്ടിക്കാട്ടി.സിവിആർഎസ് പ്രസിഡൻറ് ഡോ . പി പി മോഹനൻ,ഡോ. ജാബിർ അബ്ദുള്ളക്കുട്ടി, ഡോ. പി പി ഗീവർ സക്കറിയ, വൈസ് പ്രസിഡൻറ് ഡോ. വേണുഗോപാൽ, ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ഡോ. ജോ ജോസഫ്, ഡോ. ജേക്കബ് എബ്രഹാം, ഡോ. ജിമ്മി ജോർജ് എന്നിവർ പ്രസംഗിച്ചു.



## കെസിബിസി പ്രൊഫഷണൽ നാടക മേള: അവാർഡുകൾ സമ്മാനിച്ചു

**കൊച്ചി:** കെസിബിസി അഖില കേരള പ്രൊഫഷണൽ നാടക മേളയുടെ അവാർഡ് സമ്മാനിച്ചു.

മികച്ച നാടകം :മുച്ചീട്ടു കളിക്കാരന്റെ മകൾ,മികച്ച രണ്ടാമത്തെ നാടകം : അനന്തരം ,മികച്ച സംവിധാനം : രാജേഷ് ഇരുളം മുച്ചീട്ടു കളിക്കാരന്റെ മകൾ,മികച്ച രചന : മുഹാദ് വെമ്പായം അനന്തരം ,മികച്ച നടൻ : റഷീദ് മുഹമ്മദ് അനന്തരം ,മികച്ച നടി : ഐശ്വര്യ അന്ന ഗാരേജ്. പി ഒ സി യിൽ നടന്ന മത്സരത്തിൽ 7 നാടകങ്ങളാണ് അവതരിപ്പിച്ചത്. സമാപന സമ്മേളനത്തിൽ കെസിബിസി മീഡിയ കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് ആന്റണി മാർ സിൽവാനോസും നടൻ ജോജു ജോർജും ചേർന്ന് അവാർഡ് സമ്മാനിച്ചു . നടൻ കൈലാഷ്, സംവിധായകൻ ജി മാർത്താണ്ഡൻ, സി ആർ മഹേഷ് എംഎൽ എ, ടി എം എബ്രഹാം, പൗളി വത്സൻ, ഫാ ജേക്കബ് പാലയ്ക്കപ്പിള്ളി, ഫാ എബ്രഹാം ഇരിമ്പിനിക്കൽ തുടങ്ങി നിരവധി സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ ചടങ്ങിൽ സംബന്ധിച്ചു. തുടർന്ന് ഗാന്ധിഭവൻ തിയേറ്റർ ഇന്ത്യയുടെ നാടകം 'യാത്ര' അവതരിപ്പിച്ചു.

## ജില്ലാ കൺവൻഷൻ

**കൊച്ചി:** ശ്രീനാരായണ സുഹൃദ് സദസ്സിന്റെ എറണാകുളം ജില്ലാ കൺവൻഷൻ ഒക്ടോബർ 6 ന് ഉച്ചകഴിഞ്ഞ് രണ്ടിന് പെരുമ്പാവൂർ അപ്പൂസ് ആഡിറ്റോറിയത്തിൽ നടക്കും.. സംസ്ഥാന വർക്കിംഗ് ചെയർമാൻ അഡ്വ. എൻ.ഡി. പ്രേമചന്ദ്രൻ അധ്യക്ഷത വഹിക്കും. വർക്കിംഗ് ചെയർമാൻ അഡ്വ. ആർ. അജന്തകുമാർ ജനറൽ കൺവീനർ പി.പി. രാജൻ, വി.കെ. ഹരിഹരൻ തുടങ്ങിയവർ പ്രസംഗിക്കും.യോഗത്തിൽ എറണാകുളം ജില്ലാ കമ്മറ്റി ഭാരവാഹികളെ തെരഞ്ഞെടുക്കുമെന്ന് ജനറൽ കൺവീനർ പി.പി രാജൻ അറിയിച്ചു

## ഹൃദ്രോഗം മൂലം വർഷം തോറും 17.9 ദശലക്ഷം മരണങ്ങൾ : ഡോ. പി.കെ അശോകൻ

**കൊച്ചി:** വർഷം തോറും ഏകദേശം 17.9 ദശലക്ഷം മരണങ്ങൾ ഹൃദ്രോഗം മൂലമാണെന്ന് കോഴിക്കോട് ഫാത്തിമ ആശുപത്രി കാർഡിയോളജിസ്റ്റ് ഡോ. പി.കെ അശോകൻ വ്യക്തമാക്കി. അനാരോഗ്യ ജീവിതശൈലി, മോശം ഭക്ഷണരീതി, മാനസിക സമ്മർദ്ദം എന്നിവയാണ് ഹൃദയാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നവ. സമ്മർദ്ദം നിയന്ത്രിക്കുകയും, നിത്യ വ്യായാമം, സന്തുലിതമായ ഭക്ഷണക്രമം, മതിയായ ഉറക്കം തുടങ്ങി ആരോഗ്യകരമായ ശീലങ്ങൾ അനിവാര്യമാണ്.



ഇന്ത്യയിൽ ഉയർന്ന കാർബോഹൈഡ്രേറ്റ് ഭക്ഷണരീതിയും മോശം ജീവിത സാഹചര്യങ്ങളുമാണ് ഹൃദ്രോഗത്തിന് കാരണമാകുന്നത്. ജനിതക കാരണങ്ങളുമുണ്ട്. 75 ശതമാനത്തിലധികം അപ്രതീക്ഷിത ഹൃദയസ്തംഭന മരണങ്ങൾക്കും കാരണം ഹൃദ്രോഗമാണ്. അപകടസാധ്യതകൾ നേരത്തെ കണ്ടെത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് പ്രതിരോധത്തിനും അനിവാര്യമാണ്.60 വയസ്സിന് താഴെയുള്ള സ്ത്രീകളിലും 55 വയസ്സിന് താഴെയുള്ള പുരുഷന്മാരിലും ഇന്ന് ഹൃദ്രോഗം കൂടിവരുന്നു. പുകവലി, ഉയർന്ന കൊഴുപ്പ് ഭക്ഷണം, വ്യായാമക്കുറവ്, ഉയർന്ന രക്തസമ്മർദ്ദം, ഉയർന്ന കൊളസ്ട്രോൾ എന്നിവയാണ് പ്രധാന കാരണങ്ങൾ. പുകവലി ഒഴിവാക്കിയും കൃത്യമായി വ്യായാമം ചെയ്തും രോഗ സാധ്യത കുറയ്ക്കാം ഒപ്പം ആരോഗ്യകരമായ ഭക്ഷണം ശീലമാക്കുക,ആരോഗ്യകരമായ ശരീരഭാരം നിലനിർത്തുക, മതിയായ ഉറക്കം ഉറപ്പാക്കുക,സമ്മർദ്ദം നിയന്ത്രിക്കുക,കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധനകൾ നടത്തുക എന്നിവ വഴിയും ഹൃദ്രോഗം അകറ്റി നിർത്താൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

# സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം ഇന്ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

## അഗളി, പുതൂർ,ആറളം ഗ്രാമപഞ്ചായത്തുകൾക്ക് മഹാത്മഗാന്ധി ഗോത്ര സമൃദ്ധി പുരസ്കാരം

**തിരുവനന്തപുരം:** സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും ട്രൈബൽ പ്ലസിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനം സൃഷ്ടിച്ച പഞ്ചായത്തിനുള്ള മഹാത്മ ഗോത്ര സമൃദ്ധി പുരസ്കാര സമർപ്പണവും ഒക്ടോബർ 2 ന് വൈകുന്നേരം 3.30 ന് ആറ്റിങ്ങൽ എസ് എസ് പൂജ കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. സമൂഹത്തിന്റെ പൊതുമണ്ഡലത്തിലേക്ക് അടിസ്ഥാന ജനവിഭാഗങ്ങളെ കൈപിടിച്ചുയർത്താൻ ലക്ഷ്യമിട്ട് പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് ഒക്ടോബർ 2 മുതൽ 16 വരെ പക്ഷാചരണ പരിപാടി സംഘടിപ്പിക്കുന്നത്. 'മാറുന്ന ലോകത്തിനൊപ്പം മുന്നേറാം നമുക്കൊന്നായി' എന്നതാണ് ഈ വർഷത്തെ പ്രമേയം.

വകുപ്പ് മന്ത്രി ഒ ആർ കേളു അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വകുപ്പിന്റെ ഐടിഐകളിൽ പഠിച്ച് മികച്ച വിജയം നേടിയവർക്ക് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഉപഹാരം നൽകും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിലും ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറും മുഖ്യാതിഥികൾ ആയിരിക്കും. ജില്ലാ കളക്ടർ അനുകുമാരിയും മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ മിഷൻ ഡയറക്ടർ നിസാമുദീനും സന്നിഹിതരായിരിക്കും. എം.പി.മാർ, എംഎൽഎമാർ തുടങ്ങിയ ജനപ്രതിനിധികൾ പങ്കെടുക്കും. വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനിത് കുമാർ റിപ്പോർട്ട് അവതരിപ്പിക്കും. ഒ എസ് അംബിക എംഎൽഎ സ്വാഗതവും ഡയറക്ടർ ഡോ രേണുരാജ് നന്ദിയും അർപ്പിക്കും. ഒക്ടോബർ 15 ന് വയനാട് മാനന്തവാടിയിൽ നടക്കുന്ന സമാപന സമ്മേളനം വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്യും.

ആദിവാസികൾക്ക് 100 ദിവസം കൂടി അധിക തൊഴിൽ നൽകുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ട്രൈബൽ പ്ലസ് പദ്ധതിയിൽ ഏറ്റവും കൂടുതൽ തൊഴിൽ സൃഷ്ടിച്ച അഗളി ഗ്രാമപഞ്ചായത്തിനാണ് 5 ലക്ഷം രൂപയും മഹാത്മ ഗോത്ര സമൃദ്ധി പുരസ്കാരവും നൽകുന്നത്. രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ പുതൂർ, ആറളം ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 3, 2 ലക്ഷം രൂപയും മഹാത്മ ഗോത്ര സമൃദ്ധി പുരസ്കാരവും ലഭിക്കും. ഐക്യദാർഢ്യ പക്ഷാചരണം വ്യത്യസ്തങ്ങളായ പരിപാടികളോടെ സംസ്ഥാനത്തെമ്പാടും വർദ്ധിച്ച പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വാർത്താസമ്മേളനത്തിൽ മന്ത്രി ഒ ആർ കേളു അറിയിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വകുപ്പുകളിലെ സ്ഥാപനങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾ, ആവാസ കേന്ദ്രങ്ങൾ ശുചീകരിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയോടെയാണ് ക്യാമ്പയിൻ ആരംഭിക്കുക. തുടർന്ന് ആരോഗ്യ ക്യാമ്പുകൾ, സ്കൂളുകളിൽ നിന്നും കോളേജിൽ നിന്നും ഡ്രോപ്പ് ഔട്ട് ആയവരെ തിരികെ എത്തിക്കുന്നതിനുള്ള ക്യാമ്പയിൻ, തൊഴിൽ ലഭ്യമാക്കുന്നതിനായി പദ്ധതികളും ജോബ് ഫെസ്റ്റും, സ്വയംതൊഴിൽ സംരംഭങ്ങൾക്കായുള്ള ചെറുകിട വ്യവസായ സംരംഭകത്വ ക്ലാസ്സുകളും, പ്രോജക്ട് ക്ലിനിക്കുകളും നടത്തും. തൊഴിലുറപ്പ് പദ്ധതി, അംബേദ്കർ ഗ്രാമം, കോർപ്പസ്ഫണ്ട് തുടങ്ങിയവയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ ആരംഭം, വനാവകാശം, പട്ടികജാതി / പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം സംബന്ധിച്ച ദേശീയ സെമിനാറുകൾ, പുതിയ തൊഴിൽ സംരംഭങ്ങൾ ക്കായുള്ള ഫാർമേഴ്സ് ഓർഗനൈസേഷനുകൾ, ഗോത്ര ജീവിക പോലുള്ള പദ്ധതികൾ, തൊഴിൽ പരിശീലന പദ്ധതികളുടെ ആരംഭം വിവിധ ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ, പിന്നോക്ക വികസന കോർപ്പറേഷൻ പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ, പരിവർത്തിത വികസന കോർപ്പറേഷൻ എന്നിവയുടെ നേതൃത്വത്തിൽ വായ്പാ വിതരണത്തിനും മാർക്കറ്റിംഗിനുമുള്ള പരിപാടികളും വൺ ടൈം സെറ്റിൽ മെന്റ്, വായ്പാ പുനക്രമീകരണം എന്നിവയും ഈ കാലയളവിൽ സംഘടിപ്പിക്കും. ഈ പരിപാടികൾക്ക് പുറമേ തനതായ കലാപരിപാടികളും ഇതിന്റെ ഭാഗമായി അരങ്ങേറും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, കുടുംബശ്രീ, ആരോഗ്യ എക്സൈസ് വ്യവസായ വകുപ്പുകൾ, വിവിധ സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയ്ക്ക് പുറമേ ജനപ്രതിനിധികൾ, സഹകരണ സ്ഥാപനങ്ങളും സർവ്വീസ് ബഹുജന സംഘടനകളും തൊഴിലാളികളും കൃഷിക്കാരും കർഷക തൊഴിലാളികളും മഹിളകളും യുവജനങ്ങളും വിദ്യാർത്ഥികളും ഈ രംഗത്ത് പ്രവർത്തിക്കുന്ന സമാന സ്വഭാവമുള്ള സംഘടനകളും പരിപാടിയുടെ ഭാഗമാകും. വാർത്താസമ്മേളനത്തിൽ വകുപ്പ് ഡയറക്ടർ ഡോ. രേണു രാജും പങ്കെടുത്തു.

# എന്ന് സ്വന്തം പുണ്യാളൻ

മഹേഷ് മധു ആദ്യമായി സംവിധാനം ചെയ്യുന്ന അർജുൻ അശോകനും ബാലുവും അനശ്വരാ രാജനും ഒരുമിക്കുന്ന എന്ന് സ്വന്തം പുണ്യാളൻ എന്ന ചിത്രത്തിന്റെ മോഷൻ പോസ്റ്റർ റീലീസ് ചെയ്തു.ചിത്രത്തിന്റെ കഥയും തിരക്കഥയും ഒരുക്കുന്നത് സാംജി എം ആന്റണിയാണ്. അനശ്വരാ രാജനും അർജുൻ അശോകനും ബാലുവും ആദ്യമായി ഒരുമിക്കുന്ന ചിത്രമാണ് എന്ന് സ്വന്തം പുണ്യാളൻ.ട്രൂത്ത് സീക്കേഴ്സ് പ്രൊഡക്ഷൻസ് ഹൗസിന്റെ ബാനറിൽ ലിഗോ ജോൺ ആണ് എന്ന് സ്വന്തം പുണ്യാളന്റെ നിർമ്മാണം നിർവഹിക്കുന്നത്. സാം സി എസ്സ് ആണ് ചിത്രത്തിന്റെ സംഗീത സംവിധാനം നിർവഹിക്കുന്നത്. രഞ്ജി പണിക്കർ, ബൈജു, അൽത്താഫ്, അഷ്റഫ്, മീനാരാജ് പള്ളുരുത്തി, വിനീത് വിശ്വം, സിനോജ് വർഗീസ്, സുർജിത് എന്നിവർ പുണ്യാളനിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

എക്സികുട്ടിവ് പ്രൊഡ്യൂസർ : ജോഷി തോമസ് പള്ളിക്കൽ, ഡി ഓ പി : റെണദീവ്, എഡിറ്റർ : സോബിൻ സോമൻ, പ്രൊഡക്ഷൻ കൺട്രോളർ : സുരേഷ് മിത്രാകരി, പ്രൊഡക്ഷൻ അസ്സോസിയേറ്റ് : ജുബിൻ അലക്സാണ്ടർ, സെബിൻ ജരകാടൻ, മാത്യൂസ് പി ജോസഫ്, പ്രൊഡക്ഷൻ ഡിസൈനർ: അനീഷ് നാടോടി, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ: സുനിൽ കാര്യാട്ടുകര, വസ്ത്രാലങ്കാരം : ധന്യാ ബാലകൃഷ്ണൻ, ആർട്ട് ഡയറക്ടർ: അപ്പു മാരായി, സൗണ്ട് ഡിസൈൻ : അരുൺ എസ് മണി, സൗണ്ട് മിക്സിങ് : കണ്ണൻ ഗണപത്, കാസ്റ്റിങ് ഡയറക്റ്റർ : വിമൽ രാജ് എസ്, വി എഫ് എക്സ് : ഡിജിബ്രിക്ക്സ്, ലിറിക്സ് : വിനായക് ശശി കുമാർ, കളറിസ്റ്റ്, രഘുരാമൻ, ആക്ഷൻ ഡയറക്ടർ : ഫീനിക്സ് പ്രഭു, മേക്കപ്പ് : ജയൻ പൂങ്കുളം, അസ്സോസിയേറ്റ് ഡയറക്ടർ : സാൻവിൻ സന്തോഷ്, ഫിനാൻസ് കൺട്രോളർ : ആശിഷ് കെ എസ്, മാർക്കറ്റിംഗ് കൺസൾട്ടന്റ്: അനന്തകൃഷ്ണൻ.പി.ആർ, സ്റ്റിൽസ്: ജെഫിൻ ബിജോയ്, പബ്ലിസിറ്റി ഡിസൈൻസ് : യെല്ലോ ടൂത്ത്,ഡിസൈൻ: സീറോ ഉണ്ണി, പി ആർ ഓ: പ്രതീഷ് ശേഖർ.







# കുമ്മാട്ടിക്കളി ഇന്നുമുതൽ

സുരേഷ് ഗോപിയുടെ മകൻ മാധവ് സുരേഷ് നായകനാവുന്ന കുമ്മാട്ടിക്കളി ഒക്ടോബർ രണ്ടിന് കടത്തനാടൻ സിനിമാസ് തീയറ്ററുകളിലെത്തിക്കുന്നു.സൂപ്പർ ഗുഡ് ഫിലിംസിന്റെ ആർ ബി ചൗധരി നിർമ്മിക്കുന്ന 'കുമ്മാട്ടിക്കളി', ആർ കെ വിൻസെന്റ് സെൽവ ആദ്യമായി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന മലയാള ചിത്രമാണ്  കുമ്മാട്ടിക്കളി .കടപ്പുറവും കടപ്പുറത്തെ ജീവിതങ്ങളെയും പ്രമേയമാക്കി ഒരുങ്ങുന്ന കുമ്മാട്ടിക്കളി എന്ന ചിത്രത്തിൽ തമിഴ്, കന്നട സിനിമകളിലെ  നടീനടന്മാർക്കൊപ്പം ലെന,റാഷിക് അജ്മൽ,ദേവിക സതീഷ്,യാമി, അനുപ്രഭ,മൈം ഗോപി, അസീസ് നെടുമങ്ങാട് ദിനേശ് ആലപ്പി,സോഹൻ ലാൽ, ആൽവിൻ ആന്റണി ജൂനിയർ,ധനഞ്ജയ് പ്രേംജിത്ത്,മിഥുൻ പ്രകാശ് തുടങ്ങിയവരും അഭിനയിക്കുന്നു. ഛായാഗ്രഹണം വെങ്കിടേഷ് വി. പ്രോജക്ട് ഡിസൈനർ സജിത്ത് കൃഷ്ണ, അശോകൻ അമൃത , സംഗീതംജാക്സൺ വിജയൻ,ബി ജി എം ജോഹാൻ ഷെവനേഷ്, ഗാനരചനഋഷി, സംഭാഷണംആർ കെ വിൻസെന്റ് സെൽവ,രമേശ്  അമ്മനത്ത്, എഡിറ്റർഡോൺ മാക്സ്,സംഘട്ടനം മാഫിയ ശശി,ഫീനിക്സ് പ്രഭു,പ്രൊഡക്ഷൻ കൺട്രോളർഅമൃത മോഹൻ,ചീഫ് അസോസിയേറ്റ് ഡയറക്ടർമഹേഷ് മനോഹർ,മേക്കപ്പ് പ്രദീപ് രംഗൻ,ആർട്ട് ഡയറക്ടർറിയാദ് വി ഇസ്മായിൽ,കോസ്റ്റ്യൂംസ്അരുൺ മനോഹർ, സ്റ്റിൽസ്ബാവിഷ്, ഡിസൈൻസ്അനന്തു എസ്  വർക്സ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്പ്രജീഷ് പ്രഭാസൻ.പി ആർ ഒഎ എസ് ദിനേശ്.

# ഒരു അന്വേഷണത്തിന്റെ തുടക്കം




എം എ നിഷാദ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'ഒരു അന്വേഷണത്തിന്റെ തുടക്കം' എന്ന ചിത്രത്തിന്റെ മോഷൻ പോസ്റ്റർ റിലീസായി. ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ കെ വി അബ്ദുൽ നാസർ നിർമ്മിക്കുന്ന ഈ ഇൻവെസ്റ്റിഗേഷൻ ചിത്രത്തിന്റെ ചിത്രീകരണം ബോംബെ, ഹൈദരാബാദ്, വാഗമൺ, കുട്ടിക്കാനം, കോട്ടയം എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയായി.എം എ നിഷാദിന്റെ പിതാവും ഉന്നത പൊലീസ് ഉദ്യോഗസ്ഥനുമായിരുന്ന പി. എം. കുഞ്ഞിമൊയ്തീന്റെ പോലീസ് ഡിപ്പാർട്മെന്റിലെ സേവന കാലത്ത്, അദ്ദേഹം തന്റെ ഡയറിയിൽ എഴുതിയ ഒരു കേസിന്റെ കുറിപ്പുകൾ വികസിപ്പിച്ചാണ് എം എ നിഷാദ് ഈ ചിത്രത്തിന്റെ കഥ തയ്യാറാക്കിയത്.വാണി വിശ്വനാഥ്, സമുദ്രകനി,മുകേഷ്, അശോകൻ,ബൈജു സന്തോഷ്,സുധീഷ്, ശിവദ,ദുർഗ്ഗ കൃഷ്ണ, മഞ്ജു പിള്ള,സ്വാസിക, അനുമോൾ,ആഭിജ, പ്രശാന്ത് അലക്സാണ്ടർ, ജോണി ആന്റണി, വിജയ് ബാബു,സുധീർ കരമന,ഇർഷാദ്, ജാഫർ ഇടുക്കി, രമേശ് പിഷാരടി,ഷഹീൻ സിദ്ദിഖ്, കോട്ടയം നസീർ,കൈലാഷ്, ബിജു സോപാനം, കലാഭവൻ ഷാജോൺ, സായ്കുമാർ, കലാഭവൻ നവാസ്, ജോണി ആന്റണി, പി ശ്രീകുമാർ, ശ്യാമപ്രസാദ്, ബാബു നമ്പൂതിരി, പ്രമോദ് വെളിയനാട്, നവനീത് കൃഷ്ണ, സന്ധ്യ മനോജ്, പൊന്നമ്മ ബാബു, ഉമാ നായർ, സ്മിനു സിജോ, അനു നായർ, സിനി എബ്രഹാം, ദിൽഷ പ്രസാദ്, ഗൗരി പാർവതി, മഞ്ജു സുഭാഷ്, ജയകൃഷ്ണൻ, ജയകുമാർ, ജയശങ്കർ, അനീഷ് ഗോപാൽ, ചെമ്പിൽ അശോകൻ, ചാലി പാലാ, രാജേഷ് അമ്പലപ്പുഴ, അനീഷ് കാവിൽ, നവനീത് കൃഷ്ണ, ലാലി പി എം, അനന്തലക്ഷ്മി, അനിതാ നായർ, ഗിരിജാ സുരേന്ദ്രൻ, ഭദ്ര, പ്രിയാ രാജീവ്, അഞ്ജലീന എബ്രഹാം, ജെനി,അഞ്ചു ശ്രീകണ്ഠൻ തുടങ്ങിയവരോടൊപ്പം സംവിധായകൻ എം എ നിഷാദ് സുപ്രധാന വേഷത്തിലെത്തുന്ന ഈ ചിത്രത്തിൽ ഏകദേശം അറുപതിലധികം താരങ്ങൾ അഭിനയിക്കുന്നു.ഛായാഗ്രഹണം വിവേക് മേനോൻ, ചിത്രസംയോജനം ജോൺകുട്ടി,സംഗീതം എം ജയചന്ദ്രൻ, പശ്ചാത്തല സംഗീതം മാർക്ക് ഡി മൂസ്, ഗാനരചനപ്രഭാവർമ്മ, ഹരിനാരായണൻ, പളനി ഭാരതി, ഓഡിയോഗ്രാഫിഎം ആർ രാജാകൃഷ്ണൻ, സൗണ്ട് ഡിസൈൻ ബെന്നി, കലാസംവിധാനം ഗിരീഷ് മേനോൻ, വസ്ത്രാലങ്കാരംസമീറ സനീഷ്, മേക്കപ്പ് റോണക്സ് സേവ്യർ, പ്രൊഡക്ഷൻ കൺട്രോളർബിനു മുരളി, ചീഫ് അസോസിയേറ്റ് ഡയറക്ടർ കൃഷ്ണകുമാർ, അസോസിയേറ്റ് ഡയറക്ടർരമേശ് അമാനത്ത്,വി എഫ് എക്സ്: പിക്റ്റോറിയൽ, സ്റ്റിൽസ്ഫിറോസ് കെ ജയേഷ്,ആക്ഷൻ ഫീനിക്സ് പ്രഭു,ബില്ല ജഗൻ, കൊറിയോഗ്രാഫർ ബൃന്ദ മാസ്റ്റർ, ഡിസൈൻയെല്ലോ യൂത്ത്,പി ആർ ഒ എ എസ് ദിനേശ്.

# പതിമൂന്നാം രാത്രി




വിഷ്ണു ഉണ്ണികൃഷ്ണൻ, മാളവിക മേനോൻ, ഷൈൻ ടോം ചാക്കോ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി മനീഷ് ബാബു സംവിധാനം ചെയ്യുന്ന  പതിമൂന്നാം രാത്രി എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.ദീപക് പറമ്പോൾ, വിജയ് ബാബു, സോഹൻ സീനു ലാൽ,സാജൻ പള്ളുരുത്തി, അനിൽ പെരുമ്പളം, രമേശ് കോട്ടയം, ഹരിപ്രസാദ്, ഡെയിൻ ഡേവിസ്, അസിം ജമാൽ,ഡിസ്നി ജെയിംസ്, രജിത് കുമാർ,അർച്ചന കവി,  മീനാക്ഷി രവീന്ദ്രൻ,സ്മിനു സിജോ, സോനാ നായർ, ആര്യ, യൂട്യൂബർ ഇച്ചാപ്പി ഫെയിം ശ്രീലക്ഷ്മി എന്നിവരാണ് മറ്റു താരങ്ങൾ.

ഡി ടു കെ ഫിലിംസിന്റെ ബാനറിൽ മേരി മൈഷ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ആർ എസ് ആനന്ദ് കുമാർ നിർവ്വഹിക്കുന്നു. ദിനേശ് നീലകണ്ഠൻ തിരക്കഥ സംഭാഷണമെഴുതുന്നു. ഗാനരചനയും സംഗീത സംവിധാനവും രാജു ജോർജ്ജ് നിർവ്വഹിക്കുന്നു. എഡിറ്റർവിജയ് വേലുക്കുട്ടി.പ്രൊഡക്ഷൻ കൺട്രോളർഅനീഷ് പെരുമ്പിലാവ്, പ്രൊജക്ട് കോഓർഡിനേറ്റർഎ ആർ കണ്ണൻ, കലസന്തോഷ് രാമൻ, മേക്കപ്പ്മനു മോഹൻ, കോസ്റ്റ്യൂംസ്അരവിന്ദ് കെ.ആർ,സ്റ്റിൽസ് ഇകൂട്സ് രഘു, ഡിസൈൻഅറ്റ്ലർ പാപ്പവെറോസ്,  ഫിനാൻസ് കൺട്രോളർ അനിൽ ആമ്പല്ലൂർ,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ എം വി ജിജേഷ്,അസ്സോസിയേറ്റ് ഡയറക്ടർഡസ്റ്റിൻ, അസിസ്റ്റന്റ് ഡയറക്ടർ ശ്രീജു ശ്രീധർ, രാജീവ്, അരുന്ധതി, ദേവീദാസ്,ആക്ഷൻമാഫിയ ശശി, നൃത്തംറിഷ്ദാൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അഭിലാഷ് പൈങ്ങോട്, പ്രൊഡക്ഷൻ മാനേജർ ജസ്റ്റിൻ കൊല്ലം,പി ആർ ഒ എ എസ് ദിനേശ്.




ഡിജിസിഎ ഡയറക്ടർ ജനറൽ വിക്രം ദേവ് ദത്ത് എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗിന് പുതുക്കിയ എയർ ഓപ്പറേറ്റർ സർട്ടിഫിക്കറ്റ് കൈമാറുന്നു. എയർ ഇന്ത്യ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും എയർ ഇന്ത്യ എക്സ്പ്രസ് ചെയർമാനുമായ കാംബെൽ വിൽസൺ സമീപം.

# എയർ ഇന്ത്യ എക്സ്പ്രസ്എഐഎക്സ് കണക്റ്റ് ലയനം പൂർത്തിയായി

**കൊച്ചി:** എയർ ഇന്ത്യ ഗ്രൂപ്പിന് കീഴിലുള്ള എയർ ഇന്ത്യ എക്സ്പ്രസ് ലിമിറ്റഡും എഐഎക്സ് കണക്ട് പ്രൈവറ്റ് ലിമിറ്റഡും (പഴയ എയർ ഏഷ്യ ഇന്ത്യ) തമ്മിലുള്ള ലയനം പൂർത്തിയായി.

വിഹാൻ എഐയുടെ ഭാഗമായി നാല് എയർലൈനുകളെ രണ്ടെണ്ണമാക്കി ലയിപ്പിക്കാനുള്ള എയർ ഇന്ത്യ ഗ്രൂപ്പിൻറെ ലക്ഷ്യത്തിലേക്കുള്ള സുപ്രധാന കാൽവെയ്പ്പാണിത്. എയർ ഇന്ത്യയും വിസ്താരയും തമ്മിൽ ലയിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒറ്റ എയർലൈൻ സ്ഥാപിക്കാനുള്ള നീക്കമാണ് അടുത്തത്.

എയർലൈനിൻറെ നവീകരിച്ച ബ്രാൻഡ് അവതരിപ്പിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ എയർ ഇന്ത്യ എക്സ്പ്രസും എഐഎക്സ് കണക്ടും തമ്മിലുള്ള ലയനം പൂർത്തിയാക്കാനായി. ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനുമായി (ഡിസിജിഎ) ചേർന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൻറേയും ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടേയും മറ്റ് പ്രധാന ഏജൻസികളുടേയും പങ്കാളിത്തത്തോടെയാണ് അതിവേഗത്തിൽ ലയനം പൂർത്തിയാക്കാനായത്.

എയർ ഇന്ത്യ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും എയർ ഇന്ത്യ എക്സ്പ്രസ് ചെയർമാനുമായ കാംബെൽ വിൽസൻറെ സാന്നിധ്യത്തിൽ ചൊവ്വാഴ്ച ന്യൂഡൽഹിയിലെ ഡിജിസിഎ ആസ്ഥാനത്ത് വെച്ച് ഡിജിസിഎ ഡയറക്ടർ ജനറൽ വിക്രം ദേവ് ദത്ത് എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗിന് പുതുക്കിയ എയർ ഓപ്പറേറ്റർ സർട്ടിഫിക്കറ്റ് കൈമാറി.

എയർ ഇന്ത്യ എക്സ്പ്രസുമായുള്ള എഐഎക്സ് കണക്ടിൻറെ വിജയകരമായ ലയന പ്രക്രിയ വളരെയധികം പ്രശംസനീയമാണെന്നും ഇത് വിമാനകമ്പനികളുടെ ഭാവിയിലെ ലയനങ്ങളുടെ മാനദണ്ഡമായി വർത്തിക്കുമെന്നും ഡിജിസിഎ ഡയറക്ടർ ജനറൽ വിക്രം ദേവ് ദത്ത് പറഞ്ഞു. നിരവധി സങ്കീർണതകളുള്ള ഈ പ്രക്രിയ പൂർത്തീകരിക്കുന്നത് ഡിജിസിഎയും വിമാന കമ്പനികളും നടത്തിയ വലിയ ശ്രമങ്ങളുടെ സാക്ഷ്യമാണെന്നും അദ്ദേഹം പറഞ്ഞു.

എയർ ഇന്ത്യ എക്സ്പ്രസുമായുള്ള എഐഎക്സ് കണക്ടിൻറെ ഈ ലയനം എയർ ഇന്ത്യയുടെ വിഹാൻ എഐ പരിവർത്തന യാത്രയിലെ സുപ്രധാന നാഴികക്കല്ലാണെന്ന് എയർ ഇന്ത്യ സി.ഇ.ഒ.യും എയർ ഇന്ത്യ എക്സ്പ്രസ് ചെയർമാനുമായ കാംബെൽ വിൽസൺ പറഞ്ഞു. ലയനാനന്തരമുള്ള പുതിയ എയർ ഇന്ത്യ എക്സ്പ്രസ് ഇന്ത്യക്കുള്ളിലും സമീപ വിദേശ രാജ്യങ്ങളിലേക്കുമുള്ള വിമാന സർവീസുകളിലൂടെ ഗുണനിലവാരമുള്ള സേവനവും അധുനിക സൗകര്യങ്ങളും പ്രതീക്ഷിക്കുന്ന പുതുതലമുറയുടെ യാത്രാ ആവശ്യങ്ങൾ നിറവേറ്റുന്ന വിമാന കമ്പനിയായി മാറും. നവംബർ 12നാണ് വിസ്താര എയർ ഇന്ത്യയുമായി ലയിക്കുന്നത്. ഇതും തടസ്സങ്ങളില്ലാതെ നടപ്പാക്കുന്നതിനായി ഡിജിസിഎയുടെ മാർഗ്ഗനിർദ്ദേശത്തോടെ പ്രവർത്തിക്കാൻ തങ്ങൾ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ടാറ്റ ഏറ്റെടുക്കുന്നതിനു മുൻപ് 22 വിമാനങ്ങളായിരുന്നു എയർ ഇന്ത്യ എക്സ്പ്രസ് ഫ്ലീറ്റിലുണ്ടായിരുന്നത്. ഇന്നത് 88 വിമാനങ്ങളായി വളർന്നു. ഓരോ മാസവും ഏകദേശം നാല് പുതിയ വിമാനങ്ങൾ വീതമാണ് എയർ ഇന്ത്യ എക്സ്പ്രസ് ഫ്ലീറ്റിലേക്ക് ഉൾപ്പെടുത്തുന്നത്. ഇന്ത്യ, ഗൾഫ്, തെക്കുകിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലേക്ക് സർവീസ് നടത്തുന്ന കമ്പനിയുടെ വിമാനങ്ങളുടെ എണ്ണം ഈ സാമ്പത്തിക വർഷത്തിൻറെ അവസാനത്തോടെ 100 കടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2022ൻറെ തുടക്കത്തിൽ ടാറ്റ ഗ്രൂപ്പ് എയർ ഇന്ത്യയെ ഏറ്റെടുത്തതിനു ശേഷം എയർ ഇന്ത്യ എക്സ്പ്രസ് യാത്രക്കാരുടെ എണ്ണം 400 ശതമാനം വർദ്ധിച്ചു. എയർ ഇന്ത്യ എക്സ്പ്രസ് സർവീസ് നടത്തുന്ന റൂട്ടുകളുടെ എണ്ണം 74 ൽ നിന്ന് 171 ആയും ഉയർന്നു.

2023 ഒക്ടോബറിലാണ് എയർലൈൻ ഏകീകൃത ബ്രാൻഡായ എയർ ഇന്ത്യ എക്സ്പ്രസ് അവതരിപ്പിക്കുന്നത്. അതിനു ശേഷം എഐഎക്സ് കണക്ടിൻറെ വിമാനങ്ങളും ആവശ്യമായ റെഗുലേറ്ററി അനുമതിയോടെ എയർ ഇന്ത്യ എക്സ്പ്രസ് ബ്രാൻഡിന് കീഴിലാണ് മാർക്കറ്റ് ചെയ്തിരുന്നത്.

## സിംഗപ്പൂർ എയർലൈൻസ് ലിമിറ്റഡുമായി എസ്ബിഐ കാർഡിന് പങ്കാളിത്തം

**ന്യൂഡൽഹി:** ഇന്ത്യയിലെ ഏറ്റവും വലിയ പ്യുവർപ്ലേ ക്രെഡിറ്റ് കാർഡ് ഇഷ്യൂവറായ എസ്ബിഐ കാർഡ് സിംഗപ്പൂർ എയർലൈൻസ് ലിമിറ്റഡുമായി (എസ്ഐഎ) പങ്കാളിത്തത്തോടെ ക്രിസ്ഫ്ലൈയർ എസ്ബിഐ കാർഡ് പുറത്തിറക്കി. സിംഗപ്പൂർ എയർലൈൻസ്, സ്കൂട്ട് എയർലൈൻ, ക്രിസ്ഷോപ്പ് എന്നിവ ഉൾപ്പെടുന്ന എസ്ഐഎ ഗ്രൂപ്പിനൊപ്പം വായുവിലും ഭൂമിയിലും പ്രത്യേക ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്ന സൂപ്പർപ്രീമിയം കാർഡ് ഉപഭോക്താക്കളെ ഉദ്ദേശിച്ചാണ് ഈ കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ക്രിസ്ഫ്ലൈയർ എസ്ബിഐ കാർഡ്, ക്രിസ്ഫ്ലൈയർ എസ്ബിഐ കാർഡ് അപെക്സ് എന്നീ രണ്ട് വേരിയന്റുകളിൽ ലഭ്യമാണ്. ക്രിസ്ഫ്ലൈയർ എസ്ബിഐ കാർഡ് വാർഷിക പുതുക്കൽ ഫീസ് 2999 രൂപയും, ക്രിസ്ഫ്ലയർ എസ്ബിഐ അപ്പെക്സ് കാർഡിന് 9,999 രൂപയും നികുതികളും ആണ്.




ഈ പങ്കാളിത്തത്തോടെ, ക്രിസ്ഫ്ലൈയർ എസ്ബിഐ കാർഡ് ഉപഭോക്താക്കൾ അവരുടെ യാത്രാ ചെലവുകളിൽ റിവാർഡുകളും മറ്റു നിരവധി ആനുകൂല്യങ്ങളും ലഭ്യമാകും. കാർഡ് ഉടമകൾക്ക് പ്രതിവർഷം 80,000 അല്ലെങ്കിൽ അതിൽ കൂടുതൽ ക്രിസ്ഫ്ലൈയർ മൈൽസ് വരെ സമ്പാദിക്കാം. ഉപഭോക്താക്കൾക്ക് എസ്ബിഐ കാർഡ് വെബ്സൈറ്റിലെ എസ്ബിഐ കാർഡ് സ്പ്രിന്റ് വഴി ഡിജിറ്റലായും, എസ്ബിഐ കാർഡ് റീട്ടെയിൽ കിയോസ്കുകൾ സന്ദർശിച്ച് ഓഫ്ലൈനായും എൻറോൾ ചെയ്യാം.




## പുതിയ കിറ്റി ബ്രെഡ് ശ്രേണിയുമായി ബിംബോ ബേക്കറീസ്

**കൊച്ചി:** ബേക്ക്ഡ് ഫുഡ് കമ്പനിയായ ഗ്രുപോ ബിംബോയുടെ കീഴിൽ ബിംബോ ബേക്കറീസ് ഇന്ത്യ പുതിയ ബ്രെഡുകൾ പുറത്തിറക്കി. മൈദയും പാം ഓയിലും ചേർക്കാത്ത ആട്ട, ബ്രൗൺ, മൾട്ടിഗ്രെയിൻ ബ്രെഡുകളാണ് മോഡേൺ ബ്രാൻഡിന്റെ കീഴിൽ പുറത്തിറക്കിയിട്ടുള്ള പുതിയ ബ്രെഡുകൾ. ഇത് കൂടാതെ രുചിയിലും സൗകര്യത്തിലും വിട്ടുവീഴ്ച ചെയ്യാതെ മസാല ബ്രെഡുകളും ബണ്ണുകളും പാവുകളും ബ്രാൻഡ് നൽകുന്നുവെന്ന് ബിംബോ ബേക്കറീസ് ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ രാജ് കൻവർ സിംഗ് പറഞ്ഞു.

ഉൽപ്പന്ന നവീകരണത്തിനപ്പുറം, ബിംബോ ബേക്കറീസ് ഇന്ത്യ സാമൂഹിക പ്രതിബദ്ധതയ്ക്കും സാമൂഹിക ഉത്തരവാദിത്തത്തിനും പ്രതിജ്ഞാബദ്ധമാണ്. ഹാർവെസ്റ്റ് ഗോൾഡും ബിംബോ ബേക്കറീസ് ഇന്ത്യയും മെച്ചപ്പെട്ട ലോകത്തെ പോഷിപ്പിക്കാൻ എന്നും പ്രതിജ്ഞാബദ്ധരാണെന്ന് ബിംബോ ബേക്കറീസ് ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ രാജ് കൻവർ സിംഗ് പറഞ്ഞു.

## കൊറഗേറ്റഡ് ബോക്സിന് 15 ശതമാനം വിലവർദ്ധനവ് അനിവാര്യമെന്ന് കെ.സി.ബി.എം.എ

**കൊച്ചി:** അസംസ്കൃത വസ്തുക്കളുടെ വില ഒരു മാസത്തിനിടെ ഗണ്യമായി വർദ്ധിച്ചതോടെ കൊറഗേറ്റഡ് ബോക്സിന്റെ വിലയിൽ 15 ശതമാനം വർദ്ധനവ് അനിവാര്യമെന്ന് കേരള കൊറഗേറ്റഡ് ബോക്സ് മാനുഫാക്ചറിങ് അസോസിയേഷൻ ഭാരവാഹികൾ . കാർഡ്ബോർഡ് പെട്ടി നിർമ്മാണത്തിലെ പ്രധാന അസംസ്കൃത വസ്തുവായ ക്രാഫ്റ്റ് പേപ്പറിന്റെ വില ഒരുമാസത്തിനുള്ളിൽ ഉയർന്നത് ടണ്ണിന് 3000 രൂപയാണ്. ഈ സാഹചര്യത്തിലാണ് കാർഡ്ബോർഡ് പെട്ടികളുടെ വില വർദ്ധിപ്പിക്കാൻ നിർമ്മാതാക്കൾ നിർബദ്ധിതരായതെന്ന് കെ.സി.ബി.എം.എ പ്രസിഡന്റ് രാജീവ് ജി, സെക്രട്ടറി സത്യൻ മലയത്ത് എന്നിവർ പറഞ്ഞു. നിലവിൽ ക്രാഫ്റ്റ് പേപ്പർ നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കൾ യു.എസ്, യു.കെ എന്നിവടങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. എന്നാൽ ചരക്കുഗതാഗതത്തിന് ചെലവ് വർദ്ധിച്ചതോടെ ഇറക്കുമതി ചെയ്യുന്ന അസംസ്കൃത വസ്തുവിന്റെ വില കൂടി. ഇത്തരത്തിലുണ്ടായ വില വർദ്ധനയും പ്രാദേശിക മാർക്കറ്റിൽ ക്രാഫ്റ്റ് പേപ്പറിന്റെ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമാണ് പ്രധാനമായും കൊറഗേറ്റഡ് ബോക്സുകളുടെ വിലവർദ്ധനവിനെ ബാധിച്ചതെന്നും ഭാരവാഹികൾ പറഞ്ഞു.

## ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ 2024 സെപ്റ്റംബറിൽ 5,83,633 യൂണിറ്റുകൾ വിറ്റഴിച്ചു

**കൊച്ചി:** വിൽപനയിൽ ഇരട്ട അക്ക വളർച്ച തുടർന്ന് ഉത്സവ സീസണിന് മികച്ച തുടക്കമിട്ട് ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ). 2024 സെപ്റ്റംബറിൽ 5,83,633 യൂണിറ്റ് ഇരുചക്ര വാഹനങ്ങളാണ് കമ്പനി വിറ്റഴിച്ചത്. 11 ശതമാനമാണ് വാർഷിക വളർച്ച. ആകെ വിൽപനയിൽ 5,36,391 യൂണിറ്റുകൾ ആഭ്യന്തര വിപണിയിലാണ് വിറ്റഴിച്ചത്. 47,242 യൂണിറ്റുകൾ കയറ്റുമതി ചെയ്തു. കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് കയറ്റുമതി 34 ശതമാനം വർധിച്ചപ്പോൾ, ആഭ്യന്തര വിൽപനയിൽ 9 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തി. 2024 ഏപ്രിൽസെപ്റ്റംബർ കാലയളവിൽ 28,81,419 യൂണിറ്റുകളാണ് ആഭ്യന്തര വിപണിയിൽ ഹോണ്ട വിറ്റഴിച്ചത്, 2,76,958 യൂണിറ്റുകൾ കയറ്റുമതി ചെയ്തതും ശ്രദ്ധേയമാണ്



## സ്ത്രീ സംരംഭകരെ ശാക്തീകരിക്കാൻ ഗ്രീൻ ക്രാഫ്റ്റ് ഓൺലൈൻ പ്ലാറ്റ്ഫോം

**കൊച്ചി:** രാജ്യത്തെ സ്ത്രീസംരംഭകരേയും സ്ത്രീകളുടെ നേതൃത്വത്തിലുള്ള ഉൽപാദക സംഘങ്ങളേയും ശാക്തീകരിക്കാനും പരിപോഷിപ്പിക്കാനും ലക്ഷ്യമിട്ട് ആരംഭിച്ച ഓൺലൈൻ വിൽപന പ്ലാറ്റ്ഫോമായ ഗ്രീൻക്രാഫ്റ്റ്.കോം ഉദ്ഘാടനം ചെയ്തു. വാരാണസിയിൽ നടന്ന ദേശീയ ഉപജീവന മേളയിൽ ഗ്രാമവികസന മന്ത്രാലയം അഡീഷണൽ സെക്രട്ടറി ചരൺജിത് സിംഗാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. ഗീൻക്രാഫ്റ്റിന്റെ വരവ് വനിതാ സംരംഭങ്ങൾക്കിടയിൽ ഗുണമേന്മയും മത്സരശേഷിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുമെന്ന് ചരൺജിത് സിംഗ് പറഞ്ഞു.ഇന്ത്യയിലും വിദേശത്തും ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിൽപ്പനയിലൂടെ സ്ത്രീകൾക്ക് ബിസിനസിൽ കൂടുതൽ സുതാര്യത, ന്യായവില, സ്ഥിരവരുമാനം എന്നിവ നേടാനാകുമെന്നും ചരൺജിത് സിംഗ് പറഞ്ഞു.

സ്ത്രീകളുടെ സാമ്പത്തിക സ്ഥിതിയിൽ മാറ്റം കൊണ്ടുവരാൻ മുള പോലെയുള്ള പ്രകൃതിദത്ത വസ്തുക്കൾക്ക് കഴിയുമെന്നും അവരുടെ ഉൽപ്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിച്ച് ഒരു ദശലക്ഷം ഉപജീവനമാർഗം സൃഷ്ടിക്കാൻ അവസരമൊരുക്കുമെന്നും ഇൻഡസ്ട്രി ഫൗണ്ടേഷൻ പ്രതിനിധി നെജു ജോർജ് എബ്രഹാം പറഞ്ഞു.

## കുമാർ ആർച്ച് ടെക് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** കുമാർ ആർച്ച് ടെക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.രണ്ട് രൂപ മുഖവിലുള്ള ഇക്വിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 740 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 240 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 500 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ഏറ്റവും കൂടുതൽ റേറ്റിംഗ്: 250 ഇന്ത്യൻ ചലച്ചിത്രങ്ങളുടെ പട്ടികയുമായി ഐഎംഡിബി




**കൊച്ചി :** ഏറ്റവും കൂടുതൽ റേറ്റിംഗ് നേടിയ 250 ഇന്ത്യൻ ചലച്ചിത്രങ്ങളുടെ പട്ടിക പുറത്തുവിട്ട് ഐഎംഡിബി. 2023ൽ പ്രേക്ഷകരും നിരൂപകരും ഒരുപോലെ പ്രശംസിച്ച ചിത്രം 12വേ ഫെയിൽ ആണ് പട്ടികയിൽ ഒന്നാമതുള്ളത്. മഹാരാജ, കാന്താര, ലാപതാ ലേഡിസ് തുടങ്ങിയ ചിത്രങ്ങളും ആദ്യ നിരയിലുണ്ട്. ഹോം, മണിച്ചിത്രത്താഴ് എന്നീ ചിത്രങ്ങൾ പട്ടികയിൽ ആദ്യ പത്തിൽ ഇടം നേടിയപ്പോൾ കുമ്പളങ്ങി നൈറ്റ്സ്, കീരീടം, സന്ദേശം എന്നീ ചിത്രങ്ങൾ ആദ്യ ഇരുപതിൽ സ്ഥാനം കണ്ടെത്തി. ഒപ്പും ആടുജീവിതവും മഞ്ഞുമ്മൽ ബോയ്സും പട്ടികയിലുണ്ട്.

ഐഎംഡിബിയിൽ 8.5 മില്യണിലേറെ വോട്ടുകൾ നേടിയിട്ടുള്ള 250 ചിത്രങ്ങളാണ് പട്ടികയിലുള്ളത്. നായകൻ, അപുർസൻസാർ, അൻപേശിവം, പരിയേറും പെരുമാൾ, 3 ഇഡിയറ്റ്സ്, 777 ചാർളി, താരേ സമീർപർ, ദംഗൽ തുടങ്ങിയ ചിത്രങ്ങളാണ് ആദ്യ ഇരുപതിലുള്ളത്. സംവിധായൻ മണിരത്നത്തിന്റെ 7 ചിത്രങ്ങൾ പട്ടികയിൽ ഇടം നേടി. അനുരാഗ് കശ്വപിന്റെ 6 ചിത്രങ്ങൾ പട്ടികയിലുണ്ട്.ചലച്ചിത്രങ്ങൾ, ടിവി ഷോകൾ, സെലിബ്രിറ്റികൾ തുടങ്ങിയ മേഖലകളിലെ വിവരങ്ങൾക്കായുള്ള ലോകത്തിലെ ഏറ്റവും ജനപ്രിയ ശ്രോതസ്സായ ഐഎംഡിബിയുടെ, 2022 ഒക്ടോബറിൽ ആരംഭിച്ച ഔദ്യോഗിക ഇൻസ്റ്റഗ്രാം പേജ് 250,000 ഫോളോവേഴ്സ് തികഞ്ഞതിന്റെ നേട്ടം ആഘോഷിക്കുന്നതിന്റെ ഭാഗമായാണ് ഈ പട്ടിക പുറത്തിറക്കിയിരിക്കുന്നത്. എന്റർടെയിൻമെന്റ് മേഖലയിലെ പുതിയ കണ്ടന്റുകൾക്കായി കൂടുതൽ പേരും തിരയുന്നത് ഐഎംഡിബിയുടെ സോഷ്യൽ മീഡിയ ഹാൻഡിലുകളിലാണ്.




കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയും ഗുജറാത്തിലെ യുപിഎൽ യൂണിവേഴ്സിറ്റി ഓഫ് സസ്റ്റൈനബിൾ ടെക്നോളജിയും ധാരണാപത്രം കൈമാറുന്നു

## ജെയിൻ യൂണിവേഴ്സിറ്റിയും ഗുജറാത്ത് യുപിഎൽ യൂണിവേഴ്സിറ്റിയും ധാരണാപത്രം ഒപ്പുവെച്ചു

**കൊച്ചി:** കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയും ഗുജറാത്തിലെ യുപിഎൽ യൂണിവേഴ്സിറ്റി ഓഫ് സസ്റ്റൈനബിൾ ടെക്നോളജിയും ധാരണാപത്രം ഒപ്പുവച്ചു. ദേശീയ വിദ്യാഭ്യാസ നയം 2020 പ്രകാരം വിദ്യാർഥികളുടെ വ്യവസായ പങ്കാളിത്തം വർധിപ്പിക്കേണ്ടതിന്റെ ഭാഗമായാണ് ധാരണാപത്രം ഒപ്പുവെച്ചത്.

കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയിലെ കൺട്രോളർ ഓഫ് എക്സാമിനേഷൻ ഡോ. മധുകുമാർ കെ, സ്റ്റുഡന്റ് അഫയേഴ്സ് ഡീൻ ഡോ. സതികുമാർ തുടങ്ങിയ പ്രമുഖരുടെ സാന്നിധ്യത്തിലാണ് ധാരണാപത്രം ഒപ്പുവെച്ചത്. ഗുജറാത്ത് യുപിഎൽ യൂണിവേഴ്സിറ്റി ഓഫ് സസ്റ്റൈനബിൾ ടെക്നോളജിയിൽ നിന്ന് യു യു എസ് ടി പ്രസിഡന്റും എക്സിക്യൂട്ടീവ് ഡയറക്ടറുമായ അശോക് പഞ്ജ്വാനി, പ്രോവോസ്റ്റ് ഡോ. ശ്രീകാന്ത് വാഗ്, സയൻസസ് ഡീൻ ഡോ. സ്നേഹൽ ലോഖണ്ഡ്വാല എന്നിവർ പങ്കെടുത്തു.

കേരള മുഖ്യമന്ത്രിയുടെ മുൻ സ്പെഷ്യൽ സെക്രട്ടറി ഡോ. എം പി സുകുമാരൻ നായർ നേതൃത്വം വഹിച്ചു. സ്കൂൾ ഓഫ് കൊമേഴ്സിലെ വിദ്യാർഥികളും ഫാക്കൽറ്റി അംഗങ്ങളും, ഡെപ്യൂട്ടി ഡയറക്ടർമാർ, ഡിപ്പാർട്ട്മെന്റ് തലവൻമാർ, മറ്റ് സ്കൂളുകളിലെയും ഡിപ്പാർട്ട്മെന്റുകളിലെയും ഫാക്കൽറ്റി അംഗങ്ങൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

അക്കാദമിയും വ്യവസായവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട പരിപാടിയിൽ ജെയിൻ ഗുജറാത്തിലെ യുപിഎൽ യൂണിവേഴ്സിറ്റി ഓഫ് സസ്റ്റെയ്നബിൾ ടെക്നോളജിയും റൗണ്ട് ടേബിൾ ചർച്ച സംഘടിപ്പിച്ചു.ഡോ. കെ ശ്രീകുമാർ സെഷൻ ആമുഖ പ്രസംഗം നടത്തി. കെ എം ആർ എൽ എം ഡി ലോക്നാഥ് ബെഹ്റ ചർച്ചയ്ക്ക് തുടക്കമിട്ടു. വ്യവസായവും അക്കാദമികവും തമ്മിലുള്ള സമന്വയത്തിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം വിശദമാക്കി.

യു പി എൽ യൂണിവേഴ്സിറ്റി പ്രസിഡന്റ് അശോക് പഞ്ജ്വാനി, ഡോ. കെ മധുകുമാർ, ഫാക്ട് ലിമിറ്റഡ് ടെക്നിക്കൽ ഡയറക്ടർ ജയചന്ദ്രൻ കെ, കുസാറ്റ് പ്രൊഫസർ ഡോ. മധു ജി, നിത ജെലാറ്റിൻ സിഒ ഒ പ്രദീപ് കുമാർ, സിന്തൈറ്റ് ഗ്രൂപ്പ് ഇൻ്റർഗ്രോ ബ്രാൻഡ്സ് പ്രൈവറ്റ് ലിമിറ്റഡ് വൈസ് പ്രസിഡന്റ് എച്ച് ആർ വിജയരാഘവൻ, യു എൻ പ്രൊജക്ട് ലീഡ് സി പ്രതാപ് മോഹൻ നായർ, അനീഷ് മാനുവൽ, കെ എസ് ഐ ഡി സി ഡി ജി എം ബിനിൽകുമാർ, യു പി എൽ യൂണിവേഴ്സിറ്റി പ്രൊവോസ്റ്റ് ഡോ. ശ്രീകാന്ത് ജെ വാഗ്, യു പി എൽ യൂണിവേഴ്സിറ്റി സയൻസസ് ഡീൻ ഡോ. സ്നേഹൽ ലോഖണ്ഡ്വാല, സഹൃദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഡയറക്ടർ ഡോ. ധന്യ അലക്സ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

മുഖ്യമന്ത്രിയുടെ മുൻ സ്പെഷ്യൽ സെക്രട്ടറിയും സെന്റർ ഫോർ ഗ്രീൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് ഡയറക്ടർ ഡോ. എം പി സുകുമാരൻ നായർ അധ്യക്ഷത വഹിച്ചു. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെയും ബെയിലിലെയും മുതിർന്ന എക്സിക്യൂട്ടീവുകൾ, പ്രിൻസിപ്പൽ ഓഫീസർമാർ, ജെയിൻ യൂണിവേഴ്സിറ്റിയിലെ ഫാക്കൽറ്റി അംഗങ്ങൾ, വിദ്യാർഥികൾ, സി എം എ കൊച്ചി ചാപ്റ്ററിലെ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, ഡി ഐ സിയുടെ മാനേജർമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ഡോ. വീണ വർമ്മ, ഡോ. കണ്ണൻ ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

## ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് ഫ്ളിപ്പ്കാർട്ടുമായി കൈകോർക്കുന്നു




**കൊച്ചി:** ഇന്ത്യയിലെ പ്രീമിയം മോട്ടോർസൈക്കിൾ വിപണിയിൽ സുപ്രധാന ചുവടുവെപ്പുമായി, ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് ഫ്ളിപ്പ്കാർട്ട് സഹകരണം പ്രഖ്യാപിച്ചു. ഈ പങ്കാളിത്തത്തിലൂടെ ഫ്ളിപ്കാർട്ടിൻറെ ഇകൊമേഴ്സ് പ്ലാറ്റ്ഫോമിൽ ഉത്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്ന ആദ്യത്തെ പ്രീമിയം സിസി സെഗ്മെൻറ് മോട്ടോർസൈക്കിൾ നിർമാതാക്കളായി ജാവ യെസ്ഡി മാറി. രാജ്യത്തുടനീളം ഉപഭോക്താക്കൾക്ക് ഉയർന്ന നിലവാരമുള്ള മോട്ടോർസൈക്കിളുകളുടെ ആക്സസും, വാങ്ങലും ഉയർത്തുന്നതിനും ഈ സഹകരണം ലക്ഷ്യമിടുന്നു.ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനും അതിൻറെ പ്രീമിയം മോട്ടോർസൈക്കിൾ ശ്രേണിയുടെ ആക്സസ് വർധിപ്പിക്കുന്നതിനുമായി രൂപകൽപന ചെയ്തിരിക്കുന്ന ജാവ യെസ്ഡി മോട്ടോർസൈക്കിൾസിൻറെ ഡിജിറ്റൽ സ്ട്രാറ്റജിയുടെ പ്രധാന ഭാഗമാണ് ഈ സഹകരണം. 500 ദശലക്ഷത്തിലധികം ഉപയോക്താക്കളുള്ള ഫ്ളിപ്പ്കാർട്ടിൻറെ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിലൂടെ, ജാവ യെസ്ഡി മോട്ടോർസൈക്കിളുകൾ വിശാലമായ ഉപഭോക്തൃ ശൃംഖലയിലേക്ക് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മോട്ടോർസൈക്കിൾ പ്രേമികൾക്ക് അവരുടെ പെർഫോമൻസ് ക്ലാസിക് ബൈക്കുകളുടെ ശ്രേണി എക്സ്പ്ലോർ ചെയ്യാനും, താരതമ്യം ചെയ്യാനും, തിരഞ്ഞെടുക്കാനും ഈ പങ്കാളിത്തം സഹായിക്കും.

പ്രീമിയം ഉൽപ്പന്നങ്ങൾ ഓൺലൈനിൽ എങ്ങനെ കണ്ടെത്തുകയും വാങ്ങുകയും ചെയ്യുന്നു എന്നതിനെ വിപ്ലവകരമായി മാറ്റാനുള്ള ഫ്ളിപ്കാർട്ടിൻറെ അതുല്യമായ കഴിവിനെ എടുത്തുകാണിക്കുന്നതാണ് ജാവ യെസ്ഡി മോട്ടോർസൈക്കിൾസുമായുള്ള ഈ പങ്കാളിത്തമെന്ന് ഫ്ളിപ്കാർട്ട്ഇലക്ട്രോണിക്സ് വൈസ് പ്രസിഡൻറ് ജഗ്ജീത് ഹരോഡ് അഭിപ്രായപ്പെട്ടു.

# മെമോയേഴ്സ് വാച്ച് ശേഖരവുമായി ടൈറ്റൻ രാഗ

**കൊച്ചി:** പ്രമുഖ വാച്ച് ബ്രാൻഡായ ടൈറ്റൻ രാഗ അതിൻറെ ഏറ്റവും പുതിയ ശേഖരമായ മെമോയേഴ്സ് പുറത്തിറക്കി. ഗൃഹാതുരത്വത്തിൽ നിന്നും പ്രചോദനം ഉൾക്കൊള്ളുന്ന, മനോഹരമായി കടഞ്ഞെടുത്ത ഈ വാച്ച് ശേഖരം കുട്ടിക്കാല ഓർമകളുടെ അന്തസത്ത സജീവമാക്കുന്നവയാണ്. അഞ്ചു വ്യത്യസ്ത പ്രചോദനങ്ങളാണ് ഇവയുടെ രൂപകല്പനയിലുള്ളത്.

ഓരോ വാച്ചുകളും കടന്നു പോയ കാലത്തിനെ ഓർമ്മിപ്പിക്കുന്ന എക്ലറ്റിക് ആകൃതികളും ലോലമായ പാറ്റേണുകളും ഇളം നിറങ്ങളും സമന്വയിക്കുന്നവയാണെന്ന് ടൈറ്റൻ വാച്ചസ് വിപണന വിഭാഗം മേധാവി അപർണ രവി പറഞ്ഞു. ഫാഷനൊപ്പം വൈകാരികതയും കൂടി സന്നിവേശിപ്പിക്കുന്ന രീതിയിലാണ് മെമോയേഴ്സ് വാച്ചുകൾ കടഞ്ഞെടുത്തിട്ടുള്ളത്. ഫാഷൻ പരമായി പ്രസക്തവും വൈകാരികവുമായ വാച്ചുകൾ തയ്യാറാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധത കൂടിയാണ് ഈ ശേഖരത്തിലൂടെ തെളിഞ്ഞു കാണുന്നത്. വനിതകളുടെ വാച്ചുകളുടെ ലോകത്ത് പുതിയ പ്രവണതകൾ സൃഷ്ടിക്കുന്നതിലുള്ള രാഗയുടെ സ്ഥാനം ഊട്ടിയുറപ്പിക്കുന്നതു കൂടിയാണിതെന്നും അപർണ രവി കൂട്ടിച്ചേർത്തു.ഇരുവശത്തും തിളങ്ങുന്ന ക്രിസ്റ്റലുകളുമായി നവീനമായ കാപ്സ്യൂൾ രൂപത്തിലുള്ള




ഡയലുകളാണ് മെമോയേഴ്സ് ശേഖരത്തിലെ ക്രിസ്റ്റൽ കാപ്സ്യൂൾ വാച്ചിൻറെ പ്രധാന ആകർഷണം. ഗൃഹാതുരത്വത്തിൻറേയും ആഘോഷത്തിൻറേയും സംഗീതം ഇവയിലൂടെ പ്രതിഫലിക്കുന്നു. മെഷ് സ്ട്രാപും സ്റ്റോൺ സ്റ്റഡ്ഡ് റിങ്ങും എല്ലാമായി കൃത്യമായ ഫാഷൻ സ്റ്റേറ്റ്മെൻറാണ് ക്രിസ്റ്റൽ കാപ്സ്യൂൾ വാച്ചുകളെന്നുംഅപർണ രവി പറഞ്ഞു. മെമോയേഴ്സ് ശേഖരം 6395 രൂപ മുതൽ 23,995 രൂപ വരെയുള്ള വിലയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. 13 മോഡലുകളിലായാണ് ഇത് ലഭ്യമാക്കിയിരി ക്കുന്നത്. ശേമീ.രീ.ശി എന്ന വെബ്ബ് സൈറ്റിൽ നിന്നും ടൈറ്റൻ ഷോറൂമുകളിൽ നിന്നും മെമോയേഴ്സ് ശേഖരം ലഭ്യമാകും.

## റിട്ടയർമെന്റ് സേവിങ്സിന് സിഗ്നേച്ചർ പെൻഷൻ പ്ലാനുമായി ഐസിഐസിഐ പ്രൂ

തൃശൂർ: ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഐസിഐസിഐ പ്രു സിഗ്നേച്ചർ പെൻഷൻ എന്ന പേരിൽ പുതിയ പ്ലാൻ അവതരിപ്പിച്ചു. ഉപഭോക്താക്കളെ കോസ്റ്റ് ആൻഡ് ടാക്സ് കാര്യക്ഷമമായ റിട്ടയർമെന്റ് ഫണ്ട് നിർമിക്കാൻ പ്രാപ്തരാക്കുന്ന മാർക്കറ്റ് ലിങ്ക്ഡ് പെൻഷൻ പദ്ധതിയാണിതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട പറഞ്ഞു. റിട്ടയർമെന്റ് പ്ലാനിങ്ങിലെ അക്യുമുലേഷൻ, ഇൻകം ജനറേഷൻ ഘട്ടങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യാൻ ഉപഭോക്താക്കളെ സഹായിക്കുന്ന വിധത്തിലാണ് പ്ലൻ രൂപകൽപന ചെയ്തിരിക്കുന്നത്. ഉപഭോക്താക്കൾക്ക് ഇക്വിറ്റിയിലേക്ക് 100% എക്സ്പോഷർ ലഭിക്കാൻ പ്ലാൻ അനുവദിക്കുന്നു, കൂടാതെ ഇക്വിറ്റി, ഡെബ്റ്റ്, ബാലൻസ്ഡ് ഫണ്ടുകൾ എന്നിവയ്ക്കിടയിൽ പരിധിയില്ലാത്ത സൗജന്യ സ്വിച്ചുകളും വാഗ്ദാനം ചെയ്യുന്നു. ഈ പ്ലാനിലൂടെ ഐസിഐസിഐ പ്രൂ പെൻഷൻ ഇന്ത്യ ഗ്രോത്ത് ഫണ്ട്, ഐസിഐസിഐ പ്രൂ പെൻഷൻ ബാലൻസ്ഡ് ഫണ്ട് എന്നിങ്ങനെ രണ്ട് പുതിയ ഫണ്ടുകളും തങ്ങൾ വാഗ്ദാനം ചെയ്യുന്നുവെന്ന് അമിത് പാൽട്ട പറഞ്ഞു. ഐസിഐസിഐ പ്രു സിഗ്നേച്ചർ പെൻഷനിൽ ഉപഭോക്താക്കൾക്ക് വരുമാനം ആരംഭിക്കുന്ന തീയതി മുൻകൂട്ടിയോ അല്ലെങ്കിൽ പിന്നീടോ ചെയ്യാൻ അവസരമുണ്ട്. വരുമാനം ആരംഭിക്കുന്ന തീയതി മുൻകൂട്ടി നിശ്ചയിക്കുന്നത് നേരത്തെയുള്ള റിട്ടയർമെന്റ് ലക്ഷ്യം കൈവരിക്കാൻ വ്യക്തികളെ അനുവദിക്കും. അതേസമയം, വിരമിക്കുമ്പോൾ വരുമാനം ലഭിക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് വരുമാനം ആരംഭിക്കുന്ന തീയതി പിന്നീട് തിരഞ്ഞെടുക്കുകയും ചെയ്യാം. ഫണ്ട് മൂല്യത്തിന്റെ 60% വരെ നികുതിയില്ലാതെ പിൻവലിക്കാനും അവസരമുണ്ടെന്നും അമിത് പാൽട്ട പറഞ്ഞു.

## മെട്രോ നഗരങ്ങളിൽ സ്വയം തൊഴിൽ ചെയ്യുന്ന 65 ശതമാനം സ്ത്രീകൾക്കും ബിസിനസ് വായ്പ ഇല്ല:ക്രിസിൽ, ഡിബിഎസ് ബാങ്ക് ഇന്ത്യ സർവേ



**കൊച്ചി:** ഡിബിഎസ് ബാങ്ക് ഇന്ത്യ, ക്രിസിലുമായി സഹകരിച്ച് 'വുമൺ ആൻഡ് ഫിനാൻസ്' പരമ്പരയിലെ മൂന്നാമത്തെ റിപ്പോർട്ട് പുറത്തിറക്കി. ഇന്ത്യയിലെ 10 പ്രധാന ഇന്ത്യൻ നഗരങ്ങളിലായി 400 സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകൾ സർവേയിൽ പങ്കെടുത്തു. സംരംഭകരെന്ന നിലയിലുള്ള അവരുടെ സാഹചര്യങ്ങളെയും അനുഭവങ്ങളെയും കുറിച്ചുള്ള ഉൾക്കാഴ്ചകളാണ് റിപ്പോർട്ട് പുറത്തുവിടുന്നത്.ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽ 65 ശതമാനം സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളും ബിസിനസ് വായ്പ എടുത്തിട്ടില്ല, 39 ശതമാനം പേരും അവരുടെ സംരംഭങ്ങൾക്കുള്ള പണത്തിന് വ്യക്തിഗത സമ്പാദ്യത്തെ ആശ്രയിക്കുന്നു. വായ്പ ലഭിച്ചവരിൽ 21 ശതമാനം പേരും മുൻഗണന നൽകിയത് ബാങ്ക് വായ്പകളായിരുന്നു. വനിതാ സംരംഭകർ ഈടായി വ്യക്തിഗത ആസ്തികൾ ഉപയോഗിക്കുന്നു, 28 ശതമാനം സ്വത്തും 25 ശതമാനം സ്വർണ്ണവും ഇതിനായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. സ്വർണം പണയമായി ഉപയോഗിക്കുന്നവരിൽ 64 ശതമാനം പേരും പ്രധാനമായും നിക്ഷേപിക്കുന്നത് സേവിംഗ്സ് അക്കൗണ്ടുകൾ, സ്വർണം തുടങ്ങിയ സുരക്ഷിതമായ ഓപ്ഷനുകളിലാണ്.സർക്കാർ പദ്ധതികളെ സംബന്ധിച്ച് കാര്യമായ അവബോധ കുറവ് സർവേ വെളിപ്പെടുത്തി. സർവേയിൽ പങ്കെടുത്തവരിൽ 24 ശതമാനം പേരും ലഭ്യമായ തിരഞ്ഞെടുപ്പുകളെക്കുറിച്ച് അറിയില്ല. കൂടാതെ 34 ശതമാനം പേർ തങ്ങളുടെ ബിസിനസുകൾക്കായി സർക്കാർ പദ്ധതികളൊന്നും പ്രയോജനപ്പെടുത്തിയിട്ടില്ല. ഈ വിടവ് നികത്തുന്നതിന് സാമ്പത്തിക സാക്ഷരത വർദ്ധിപ്പിക്കുന്നതിനും സർക്കാർ അവകാശങ്ങളും സാമ്പത്തിക സേവനങ്ങളും ലഭ്യമാക്കാൻ സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി ഡിബിഎസ് ഫൗണ്ടേഷൻ ഹഖ്ദർശകുമായി സഹകരിച്ച് മികച്ച പരിശീലന പരിപാടി ആരംഭിച്ചു. 200,000 പാർശ്വവൽക്കരിക്കപ്പെട്ട ഗുണഭോക്താക്കളെയാണ് പദ്ധതി ലക്ഷ്യമിടുന്നത് ഇതിൽ പങ്കെടുക്കുന്നവരിൽ 80 ശതമാനം സ്ത്രീകളാണ്.39 ശതമാനം വനിതാ സംരംഭകർ ക്യാഷ് ക്രെഡിറ്റ് (സിസി), ഓവർഡ്രാഫ്റ്റ് (ഔഡി) സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നു, തുടർന്ന് കോർപ്പറേറ്റ് ക്രെഡിറ്റ് കാർഡുകളും (25 ശതമാനം) പ്രോപ്പർട്ടിബാക്ക്ഡ് ടേം ലോണുകളും (11 ശതമാനം) പ്രയോജനപ്പെടുത്തുന്നു. പ്രതികരിച്ചവരിൽ 39 ശതമാനം കുറഞ്ഞ പലിശ നിരക്കുകളും ഫ്ളെക്സിബിൾ തിരിച്ചടവ് നിബന്ധനകളും വായ്പകൾക്കായി ബാങ്ക് തിരഞ്ഞെടുക്കുന്നതിനെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളായി അഭിപ്രായപ്പെട്ടു.


Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663